

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1241/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/09/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1241/2024 തീയ്യതി: 23/09/2024

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പ്രതാപ്കുമാർ.ആർ	ഡെപ്യൂട്ടി ഡയറക്ടർ	21-06-2024	29-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-06-2024	29-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. സുജേഷ്. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത്.ജെ.ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ. എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീന. പി.	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി ശ്രീലേഖ. എൽ.എച്ച്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഗോപകുമാർ. എസ്.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി സബിത.കെ.കെ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി അജിത.സി.കെ	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീമതി ലീന.എൻ	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീ. കൃഷ്ണകുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി സന്ധ്യ.ആർ.നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	06-07-2023
ശ്രീമതി നിത്യാ കുറുപ്പ്	അസിസ്റ്റന്റ് എഞ്ചിനീയർ	07-07-2023	31-03-2024
ഡോ. ജയചന്ദ്രൻ	വെറ്ററിനറി സർജൻ	01-04-2023	10-07-2023
ഡോ. കൃഷ്ണകുമാർ.എസ്	വെറ്ററിനറി സർജൻ	11-07-2023	31-03-2024
ഡോ.പ്രവീൺകുമാർ.എസ്.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2023	31-03-2024

ഡോ. സ്മിത.എസ്.ആർ.	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2023	31-03-2024
ശ്രീ.അഭിലാഷ്.സി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1	01-04-2023	10-05-2023
ശ്രീമതി ആതിര.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1	11-05-2023	30-11-2023
ശ്രീമതി അഭിഷ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1	01-12-2023	31-03-2024
ശ്രീ.അഭിലാഷ്.സി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2	01-04-2023	04-09-2023
ശ്രീമതി ആതിര.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2	05-09-2023	10-09-2023
ശ്രീമതി അഭിഷ.എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2	11-09-2023	31-03-2024
ഡോ. ഷീജ. ബി. ജെ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-2
4	കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.	1-1-3
5	Prior Period Income And Expenditure തുകകളുടെ Net Difference കണക്കാക്കിയതിൽ അപാകം	1-1-4
6	തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല	1-1-5
7	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-6
8	ടാങ്ക് ഇനത്തിൽ ഒടുക്കിയ തുക ബാലൻസ് ഷീറ്റിൽ Advance To Implementing Officer എന്ന ഹെഡിൽ നിലനിർത്തിയിരിക്കുന്നു	1-1-7
9	വസ്തു നികുതി അഡ്വാൻസ് ഇനത്തിൽ ലഭിച്ച തുകകൾ ക്രമീകരിച്ചിട്ടില്ല	1-1-8
10	ബാങ്ക് ബുക്കിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.	1-1-9
11	ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല	1-1-10
12	വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3
15	ഗ്രാന്റ് വിനിയോഗം- മറ്റ് അപാകങ്ങൾ	1-4-1
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	ക്ഷേമപദ്ധതികൾ	1-6
19	ക്യാഷ് പരിശോധന	1-7
20	ആഭ്യന്തര നിയന്ത്രണം	1-8
21	തൊഴിലുറപ്പ് പദ്ധതി - വിവരങ്ങൾ	1-9-1
22	തൊഴിലുറപ്പ് പദ്ധതി	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	വസ്തുനികുതി പരിഷ്ക്കരണം - നടപടികൾ പൂർത്തിയായിട്ടില്ല	1-11
25	നിയമാനുസൃതമല്ലാത്ത കെട്ടിടം - തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.	1-12
26	ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയത് - അപാകത	1-13
27	നികുതി/നികുതിയേതര വരുമാനം	1-14
28	ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ	1-15
29	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- പ്രോജക്ട് പൂർത്തിയായില്ല.	1-16
30	വൈദഗ്ദ്ധ്യ പരിശീലനം- തുടർ പ്രവർത്തന വിവരം ലഭ്യമല്ല.	1-17
31	വയോജനങ്ങളായ കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിൽ മതിയായ തുക വകയിരുത്താതെ പ്രോജക്ട് തയ്യാറാക്കി.	1-18
32	പാഥേയം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക 185390/- രൂപ തടസ്സപ്പെടുത്തുന്നു.	1-19
33	പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ - പ്രോജക്ട് പൂർത്തിയായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു - 726000/- രൂപ.	1-20
34	ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യൽ - പ്രോജക്ട് പൂർത്തീയായില്ല	1-21
35	അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 12000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
36	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല - 217803 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23
37	വിവിധ പ്രോജക്ടുകൾക്കായി തുകകൾ കൈമാറിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല - 451245/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
38	വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ വിതരണം - വിവിധ അപാകങ്ങൾ	1-25
39	ഹരിതമിത്രം ആപ്പ് - കസ്റ്റമർ എന്റോൾമെന്റിന് അനുസൃതമായി തുക അനുവദിക്കേണ്ടതാണ്.	1-26
40	ഹരിത കർമ്മസേന വാഹന ഉപയോഗം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.	1-27

41	അതിദാരിദ്ര്യ നിർമ്മാർജ്ജനം - പദ്ധതിപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല	1-28
42	മിക്സഡ് വേസ്റ്റ് സംസ്കരണം - പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.	1-29
43	ലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ	1-30
44	ലൈഫ് ഭവന പദ്ധതിക്കായി ഭൂമി വാങ്ങൽ - 2019-20ൽ ഗ്രാമപഞ്ചായത്ത് വാങ്ങിയ ഭൂമി തുടർനടപടികൾ സ്വീകരിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.	1-31
45	ഇടവിളകൃഷി പ്രോത്സാഹനം - ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽനേരിട്ട് അടവാക്കിയതിനാൽ സുലേഖയിൽ ചെലവ് വന്നിട്ടില്ല	1-32
46	അടുക്കള മുറ്റത്തെ കോഴി വളർത്തൽ - ഗുണഭോക്താക്കളുടെ അർഹത രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-33
47	അങ്കണവാടി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല	1-34
48	വനിതകൾക്കായുള്ള പദ്ധതികൾ - ലക്ഷ്യം കൈവരിച്ചില്ല.	1-35
49	അങ്കണവാടികളുടെ പ്രവർത്തനാവലോകനം	1-36
50	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന മുഖാന്തിരമുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ	1-37
51	ഡിമാന്റ് നോട്ടീസ്/ ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല	1-38
52	ജനതാ വായനശാല തുറന്നു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.	1-39
53	ലേല നടപടികൾ അടിയന്തരമായി പൂർത്തികരിക്കേണ്ടതാണ്.	1-40
54	ദുരിതാശ്വാസ നിധി	1-41
55	പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും പിഴ തുക ഈടാക്കുന്നതിൽ വീഴ്ച	1-42

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങളുടെ വിവരം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവശദാംശം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2024 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ILGMSൽ നിലവിൽ പ്രസ്തുത ഷെഡ്യൂൾ ലഭ്യമല്ലായെന്ന് അറിയിച്ചിട്ടുണ്ട്.(എൻകെയറി നം.10/23.06.2024 ന് ലഭിച്ച മറുപടി)

1-1-2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട് . എന്നാൽ 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. സ്റ്റോക്ക് മൂല്യ നിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുമെന്ന് അറിയിച്ചിട്ടുണ്ട്(എൻകെയറി നം.10/23.06.2024 ന് ലഭിച്ച മറുപടി)

1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

Cash Flow Statement –ൽ "Net Cash Generated" പ്രകാരമുള്ള തുകയും(6233378) " Net Increase / (Decrease) In Cash And Cash Equivalents – തുകയുമായി (1727485) പൊരുത്തപ്പെടുന്നില്ല. Cash Flow Statement ILGMS മുഖേന ജനറേറ്റ് ചെയ്യുന്നതിനാലാണ് അപാകത പരിഹരിക്കാൻ സാധിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. (എൻകെയറി നം.10/23.06.2024 ന് ലഭിച്ച മറുപടി)

1-1-4 Prior Period Income And Expenditure തുകകളുടെ Net Difference കണക്കാക്കിയതിൽ അപാകം

Income & Expenditure Statement Abstract Report ൽ Gross Surplus/(Deficit)Of Income Over Expenditure After Prior Period Items എന്നത് കണക്കാക്കിയതിൽ Prior Period Income And Expenditure തുകകളുടെ Net Difference ആയി 38582 രൂപ എന്നതിന് പകരം 7352 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകം IKM ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. (എൻകെയറി നം. 10/23.06.2024 ന് ലഭിച്ച മറുപടി)

1-1-5 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം (പഞ്ചായത്ത് ഫണ്ട്) നിർണയിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ലെഡ്ജർ പരിശോധിച്ചതിൽ വരവ് ചെലവ് ഉൾപ്പെട്ടിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. (എൻകെയറി നം. 10/23.06.2024 ന് ലഭിച്ച മറുപടി). മേൽ മറുപടി സ്വീകാര്യമല്ല. മേൽ വാർഷിക കണക്കുകളുടെ ഷെഡ്യൂൾ ലഭ്യമാക്കേണ്ടതാണ്

1-1-6 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2024
110100102	Property Tax On Non Residential Building	
110100103	Surcharge On Property Tax	
110200101	Profession Tax Institution	
110200105	Profession Tax Traders	

പ്രതിമാസ ജേണൽ എൻട്രി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. (എൻകെയറി നം. 10/23.06.2024 ന് ലഭിച്ച മറുപടി)

1-1-7 ടാക്സ് ഇനത്തിൽ ഒടുക്കിയ തുക ബാലൻസ് ഷീറ്റിൽ Advance To Implementing Officer എന്ന ഹെഡിൽ നിലനിർത്തിയിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ ആദായ നികുതി TDS ഇനത്തിൽ ഒടുക്കിയ തുക ബാലൻസ് ഷീറ്റിൽ Advance To Implementing Officer എന്ന ഹെഡിൽ നിലനിർത്തിയിരിക്കുന്നു. വിശദാംശം ചുവടെ

കോഡ്	ഇനം	തുക
460500501	Advance To Implementing Officers	7947

തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (എൻകെയറി നം. 10/23.06.2024 ന് ലഭിച്ച മറുപടി).

1-1-8 വസ്തു നികുതി അഡ്വാൻസ് ഇനത്തിൽ ലഭിച്ച തുകകൾ ക്രമീകരിച്ചിട്ടില്ല

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി അഡ്വാൻസ് ഇനത്തിൽ ഒടുക്കിയ) നീക്കിയിരിപ്പുള്ള ഹെഡ്കോഡ് 350410101 - Advance Collection Of Revenues - Property Tax On Residential Buildings പ്രകാരമുള്ള 6463 രൂപയും ഹെഡ്കോഡ് 350410104 Advance Collection Of Revenues - Property Tax On Non-Residential Building പ്രകാരമുള്ള 597 രൂപയും 2023-24 വർഷം ക്രമീകരിച്ചിട്ടില്ല. തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (എൻകെയറി നം. 10/23.06.2024 ന് ലഭിച്ച മറുപടി)

1-1-9 ബാങ്ക് ബുക്കിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

വിവിധ ബാങ്ക് ബുക്കിൽ പല കാലയളവിൽ തുകകൾ ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി 450210101 Indian Overseas Bank (76901000009999) അക്കൗണ്ടിലെ ബാങ്ക് ബുക്ക് പ്രകാരം 21.03.2024 മുതൽ 26.03.2024 വരെയുള്ള നീക്കിയിരിപ്പ് നെഗറ്റീവ് ആണ്(ക്രഡിറ്റ് ബാലൻസ്). വരവ് രേഖപ്പെടുത്തിയതിലെ കാലതാമസം മൂലമാണ് നെഗറ്റീവ് ബാലൻസ് കാണപ്പെട്ടത് എന്നാണ് അറിയിച്ചിട്ടുള്ളത് (എൻകെയറി നം. 10/23.06.2024 ന് ലഭിച്ച മറുപടി)

1-1-10 ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

വിവിധ ആസ്തികൾക്ക് 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ

Code	Item	2022-23 & 2023-24 Balance Sheet
416100102	Accumulated Depreciation - Roads And Bridges	2408758
416100104	Accumulated Depreciation – Waterways	42877
416100105	Accumulated Depreciation – Public Lighting	96654
416100108	Accumulated Depreciation - Office And Other Equipment	194715
416100110	Accumulated Depreciation – Other Fixed Assets	109177

ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയാൽ നെഗറ്റീവ് ബാലൻസ് കാണപ്പെടുന്നതിനാലാണ് ആയത് ഉൾപ്പെടുത്താത്ത് എന്നാണ് അറിയിച്ചിട്ടുള്ളത് (എൻകെയറി നം. 10/23.06.2024 ന് ലഭിച്ച മറുപടി).

1-1-11 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. പ്രൊവിഷൻ രേഖപ്പെടുത്തുന്നതിന് ടെയിനിംഗ് ക്ലാസുകളിൽ നിർദ്ദേശം ലഭിക്കാത്തതിനാലാണ് ആയത് രേഖപ്പെടുത്താത്തത് എന്നാണ് അറിയിച്ചിട്ടുള്ളത് (എൻകെയറി നം. 10/23.06.2024 ന് ലഭിച്ച മറുപടി). പ്രൊവിഷൻ രേഖപ്പെടുത്തി വാർഷിക കണക്കുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 15.2.2023 തീയതിയിൽ കരട് ബജറ്റ് തയ്യാറാക്കുകയും തുടർന്ന് 18.3.2023-ലെ 2(2)-ാം നമ്പർ തീരുമാന പ്രകാരം കരട് ബജറ്റ് അവതരിപ്പിച്ച്, 22.3.2023 തീയതിയിലെ 1(2)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിക്കുകയും ചെയ്തു. അംഗീകരിച്ച ബജറ്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	99,09,732
തൻവർഷ വരവ്	14,40,91,440
ആകെ വരവ്	15,40,01,172
ആകെ ചെലവ്	15,10,26,789
നീക്കിയിരിപ്പ്	29,74,383

24.1.2024 തീയതിയിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 3(3)-ാം നമ്പർ തീരുമാന പ്രകാരം 2023-24 വർഷത്തെ ബജറ്റ് പരിഷ്ക്കരിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	99,09,732
തൻവർഷ വരവ്	25,04,96,980
ആകെ വരവ്	26,04,06,712
ആകെ ചെലവ്	96,25,602
നീക്കിയിരിപ്പ്	1,09,64,566

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2,92,92,560
വരവ്	4,20,02,652
ആകെ	7,12,95,212
ചെലവ്	4,02,75,167
നീക്കിയിരിപ്പ്	3,10,20,045

1-4-1 ഗ്രാന്റ് വിനിയോഗം- മറ്റ് അപാകങ്ങൾ

1) ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	6586953	4580832	70
	പട്ടിക ജാതി	1015200	1002600	98.8
സേവനം	പൊതുവിഭാഗം	46632361	25946934	55.6
	പട്ടിക ജാതി	24893250	17334248	69.6
പശ്ചാത്തലം	പൊതുവിഭാഗം	13834741	3675492	26.57

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ബ്ലോക്ക്പഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ബ്ലോക്ക്പഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %
വനിത ഘടക പദ്ധതി	1994982	1265952	63.5
കുട്ടികൾ	1028000	725000	70.53
വൃദ്ധർ	1473810	770786	52.3
ഭിന്നശേഷിയുള്ളവർ	142745	101745	71.28

3) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(ആ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ, 03.07.2018-ലെ സ.ഉ(ആ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(ആ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 30.09.2021 ലെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ 26.05.2022 ലെ 41/2022/ഫിൻ നമ്പർ സർക്കുലർ പ്രകാരം 2022-23 വർഷം മുതൽ അലോട്ട്മെന്റ് രീതി പുനസ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വിവിധ കാലയളവിൽ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ, ചെലവഴിക്കാത്ത തുകകൾ തിരികെ ഒടുക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Code	Particulars	Amount
320700104	Contributions For Joint Venture Projects (For Capital Expenditure) –From Block Panchayats	156027
320700304	Contributions For Other Specific Purposes (For Capital Expenditure)–From Block Panchayats	20634
320700405	Contributions For Other Specific Purposes (For Revenue Expenditure) –From District Panchayats	55365

മേൽ തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

Fund/Grant	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	11776651	12966792	-1190141
വികസനഫണ്ട് (എസ്.സി.പി)	0	7439804	7927000	-487196
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	1662000	475748	1186252
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	2216000	1980587	235413

മെയിന്റനൻസ് ഗ്രാന്റ്-റോഡ്	**0**	5930000	1762839	4167161
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	**0**	4120600	3849741	270859
കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്)	**0**	0	1642419	-1642419
സംസ്ഥാനവിഷ്കൃത ഫണ്ട്(എസ്.എസ്.എസ്)	**0**	0	15766392	-15766392

1) ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നുണ്ട്.
2) വാർഷിക ധനകാര്യ പത്രികയിൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും (സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.
3) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്.
4) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (സി.എഫ്.സി Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.
5) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.
മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

2023-24 വർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണം	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ (എണ്ണം)	നടപ്പിലാക്കാത്തവ (എണ്ണം)	ആകെ പദ്ധതി അടങ്കൽ (വായ്പ / ഗുണഭോക്തൃ വിഹിതം ഒഴികെ)	ആകെ പദ്ധതി ചെലവ് (വായ്പ / ഗുണഭോക്തൃ വിഹിതം ഒഴികെ)	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	12	10	2	360023	2604529	72.3
2	വെറ്ററിനറി സർജൻ	10	9	1	2344585	2209726	94.2
3	എം.ഒ. പി.എച്ച്.സി.	17	13	4	3861970	2145437	55.5
4	എം.ഒ. ഹോമിയോ	2	2	0	520000	518053	99.6
5	എം.ഒ. ആയുർവേദം	2	2	0	520000	513958	98.8
6	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	16	12	4	3594162	2739724	76.2
7	സെക്രട്ടറി	50	30	20	10015926	6153315	61.4
8	എച്ച്.എം. ഗവ.എൽ.പി.എസ്.	4	3	1	270000	236157	87.5
9	വി.ഇ.ഒ./ എൽ.വി.ഇ.ഒ.	15	12	3	42551539	27757045	65.23
10	വി.ഇ.ഒ. II	16	9	7	3185352	921535	28.9
11	എ.ഇ., എൽ.എസ്.ജി.ഡി.	35	16	19	19012158	4465045	23.5
12	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	0	1050000	749960	71.4
13	അസി.സെക്രട്ടറി	22	16	6	2436580	1525622	62.6
	ആകെ	203	136	67	89722295	52540106	58.55

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
വികസനഫണ്ട് (ജനറൽ)	15076372	12966792	86
വികസനഫണ്ട് (എസ്.സി.പി.)	7927000	7927000	100
ധനകാര്യ കമ്മിഷൻ അവാർഡ്	6512851	2456335	37.72
കേന്ദ്രാവിഷ്കൃത ഫണ്ട്	6402125	1642419	25.65
സംസ്ഥാനാവിഷ്കൃത ഫണ്ട്	22386000	15766392	70.43
തനത് ഫണ്ട്	2940946	890407	30.27
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	6784125	2686260	39.6
മറ്റ് ജില്ലാ പഞ്ചായത്ത്	8196069	2194500	26.78
മെയിന്റനൻസ് റോഡ്	9520017	1762839	18.52

മെയിന്റനൻസ് നോൺ റോഡ്	6181000	3849741	62.28
മറ്റുള്ളവ	52642056	3938611	7.48

പദ്ധതി മാർഗ്ഗരേഖ

1) പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 3.1.1(1) പ്രകാരം, തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൻവർഷം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടില്ല. 25.12.2022 ലെ 2(2) തീരുമാന പ്രകാരമാണ് ആസൂത്രണസമിതി അവസാനമായി പുന:സംഘടിപ്പിച്ചിട്ടുള്ളത്

2) ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

3) പദ്ധതി മാർഗരേഖ ഖണ്ഡിക 3.1.2(എ) പ്രകാരം ഓരോ വർഷവും നവംബർ 1-ന് മുമ്പ് നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടില്ല. 25.12.2022 ലെ 2(2) തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ അവസാനമായി പുന:സംഘടിപ്പിച്ചിട്ടുള്ളത്

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം84/2022തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 28.05.2022ലെ 1(6) നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ ലഭ്യമല്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വർക്കിംഗ് ഗ്രൂപ്പ്	തീയതി	നിർദ്ദേശം	തീരുമാനം നടപ്പാക്കിയതിന്റെ വിവരം
1	കൃഷി	09.12.2022	ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനം നടപ്പിലാക്കണം	ഫണ്ടിന്റെ അപര്യാപ്തത കാരണം നടപ്പാക്കിയിട്ടില്ല.
2	കൃഷി	30.12.2022	മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് ഇക്കോഷോപ്പ് സ്ഥാപിക്കണം	ഫണ്ടിന്റെ അപര്യാപ്തത കാരണം നടപ്പാക്കിയിട്ടില്ല.
3	ആരോഗ്യം	03.01.2023	കൂട്ടിക്കട സബ് സെന്റർ മേൽക്കൂര ഷീറ്റിടണം. ജനലുകളും വാതിലും മെയിന്റനൻസ് ചെയ്യണം.	നടപ്പാക്കിയിട്ടുണ്ട്
4	വനിതാ ശിശു വികസനം	09.12.2022	സ്ത്രീകളുടെ മാനസികാരോഗ്യത്തിനായി യോഗാ കൌൺസിലിംഗും യോഗാ ക്ലാസ്സുകളും വിനോദ സഞ്ചാരങ്ങളും നടത്തുന്നതിനായി പദ്ധതി ആവിഷ്കരിക്കുക	നടപ്പാക്കിയിട്ടില്ല
5	മൃഗസംരക്ഷണവും ക്ഷീരവികസനവും	09.12.2022	വൈക്കോൽ സബ്സിഡി നിരക്കിൽ വിതരണം	നടപ്പാക്കിയിട്ടില്ല
6	പൊതുമരാമത്ത്	18.11.2022	തൊട്ടിക്കല്ല് തമ്പുരാൻ നട റോഡിൽ കോൺക്രീറ്റ് ഓടയും കലിങ്കും നിർമ്മിക്കുക	നടപ്പാക്കിയിട്ടില്ല
7	വിദ്യാഭ്യാസം, കല,കായികവികസനം, യുവജനക്ഷേമം	08.12.2022	സ്കൂളുകളിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം	നടപ്പാക്കിയിട്ടില്ല
8	കുടിവെള്ളം ശുചിത്വം	04.01.2023	ഒറ്റൂർ UPS ൽ Bio Park നിർമ്മാണം	നടപ്പാക്കിയിട്ടില്ല

5) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

6) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. മിനിട്സ് ബുക്കുകളുടെ പരിശോധനയിൽ അപ്രകാരം ചെയ്തതായി കാണുന്നില്ല. പ്രോജക്ടുകളുടെ മുൻവർഷത്തെ കണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

7) മാർഗ്ഗരേഖ 3.5.6.3 (എ) (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. 2023-24 ൽ സോക്കപിറ്റ് നിർമ്മാണം എന്ന പദ്ധതി അപ്രകാരം നടപ്പാക്കിയിട്ടുണ്ട്.

8) മാർഗ്ഗരേഖ 3.5.6.3 (ബി) (1)- (12) പ്രകാരം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കുടുംബശ്രീ മുഖേന നിർമ്മിച്ച് ആയതിന്റെ മാർക്കറ്റിംഗും എക്കോഷോപ്പിലൂടെയുള്ള വിപണനവും മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കി വരുന്നു.

9) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ ശാക്തീകരണത്തിനും തൊഴിലവസരത്തിനും പ്രയോജനകരമായ വിധത്തിൽ ജില്ലയിൽ തന്നെ ആദ്യമായി പെണ്ണിടം എന്ന പദ്ധതി നടപ്പിൽ വരുത്തി വരുന്നു.

10) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ വലിയ രീതിയിലുള്ള കമ്പനികളോ സ്ഥാപനങ്ങളോ നിലവിലില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ട് 2023- 24 പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
(അവലംബം: ഓഡിറ്റ് എൻകയറി നം. 39/27.06.2024)

പദ്ധതി വിഹിതം ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക പദ്ധതി വിഹിതത്തിലൂടെ ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതാണ്.

1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	2127400	187
വിധവ പെൻഷൻ	8337700	826
വാർദ്ധക്യകാലപെൻഷൻ	16900900	1686
വികലാംഗപെൻഷൻ	2619700	232
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	410000	39

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2024, 12.05 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 135 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.
2. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്.
3. ആസ്തി രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
4. നിർവ്വഹണോദ്യോഗസ്ഥരെല്ലാം തന്നെ TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.
5. സെക്രട്ടറി, വി.ഇ.ഒ. എന്നിവർ പകുതിയിലേറെ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. അംഗീകാരം ലഭ്യമായ പദ്ധതികൾ തൃപ്തികരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
6. പദ്ധതികളുടെ മോണിട്ടറിംഗ് ഫലപ്രദമായി നിർവ്വഹിക്കേണ്ടതാണ്.
7. ലൈഫ് ഭവനപദ്ധതിക്കായി വാങ്ങിയ ഭൂമി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-9-1 തൊഴിലുറപ്പ് പദ്ധതി - വിവരങ്ങൾ

2023-24 സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2023-24 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം	43
പുതുതായി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം	993
2023-24 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം	1009
100 തൊഴിൽ ദിനം ലഭിച്ചവരുടെ എണ്ണം	459
ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം	147
തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം	147
പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം	13
സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം	26
വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം	1044
അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം	1042
തൻവർഷം പൂർത്തീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം	164
തൻവർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം	4
ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം	2
തൻവർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം	73320
ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ്	24212259
മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ്	705051
2023-24-ൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം	168
2023-24-ൽ പദ്ധതികൾക്കായി ചെലവഴിച്ച തുക	24917310

(അവലംബം – ഓഡിറ്റ് അന്വേഷണക്കുറിപ്പ് 40/28.06.2024 ന് സെക്രട്ടറി നൽകിയ മറുപടി)

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	33830	634272	668102	668102	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	24917310	24917310	24917310	0
ആകെ	**33830**	**25551582**	**25585412**	**25585412**	**0**

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.12.2021 മുതൽ 21.12.2021 വരെ	01.01.2021 മുതൽ 31.07.2021 വരെ	18.02.2022
അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22.08.2017	2012-13 മുതൽ 2016-17 വരെ	26.03.2017

1-11 വസ്തുനികുതി പരിഷ്ക്കരണം - നടപടികൾ പൂർത്തിയായിട്ടില്ല

22.03.2023-ലെ സ.ഉ.(കൈ)നം.77/2023/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴിസൗകര്യത്തിൽ വന്ന വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 -നകം പൂർത്തീകരിക്കേണ്ടതാണെന്നും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങൾക്കായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് യോഗ്യതയുള്ള 5 ഉദ്യോഗാർത്ഥികളെ നിയമിക്കുകയും വാർഡ് തലത്തിൽ ഫീൽഡ്തല പരിശോധന ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യഘട്ടത്തിൽ തന്നെ വിവിധ കാരണങ്ങൾ കാണിച്ച് പ്രവർത്തി തുടരാൻ താൽപര്യമില്ല എന്ന് അറിയിച്ചതിനെത്തുടർന്ന് വീണ്ടും ആളിനെ നിയമിക്കുന്നതിനായി പത്രപ്പരസ്യം അടക്കമുള്ള നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ആരും തയ്യാറാകാത്തതിനാൽ ഫീൽഡ് പരിശോധന പൂർത്തിയാക്കാൻ കഴിഞ്ഞില്ലായെന്നും അറിയിച്ചു. ഫോറം 9എ എല്ലാ കെട്ടിട ഉടമകൾക്കും നൽകുകയും അത് പ്രകാരം വ്യത്യാസം വരുത്തിയ കെട്ടിട ഉടമകൾ അറിയിച്ചതിനെത്തുടർന്ന് പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നതായും വാർഡ് ചുമതലയുള്ള ജീവനക്കാർ നികുതി പിരിവ് വേളയിലും മറ്റ് ഫീൽഡ് പരിശോധനാ വേളയിലും കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിന് നോട്ടീസ് നൽകുകയും ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, അസസ്മെന്റ് രജിസ്റ്ററിനേക്കാൾ വിസ്തീർണ്ണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ എന്നിവ ക്രമവത്ക്കരിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നതായും ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 17 -ന് മറുപടിയായി അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഫീൽതല പരിശോധന പൂർത്തിയാക്കേണ്ടതാണ്.

വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അപ്പീൽ സമിതികൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി, കെട്ടിടനിർമ്മാണങ്ങൾ ക്രമവൽക്കരണം നടത്തിയതിന്മേൽ പഞ്ചായത്തിൽ ലഭ്യമാകുന്ന ആക്ഷേപങ്ങൾ പരിശോധിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സാങ്കേതിക വിഭാഗം എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിൽ ഒരു മൂന്നംഗ സമിതി 12.2.2024 ലെ 1(18)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതി യഥാവിധി പ്രവർത്തിക്കുന്നുണ്ടെന്നും വസ്തു നികുതി പുനർനിർണ്ണയത്തിൽ അപാകം ഇല്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-12 നിയമാനുസൃതമല്ലാത്ത കെട്ടിടം - തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 എഎ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫാറം 8 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണെന്നും, കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതല്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്, അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ." എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം നൽകുന്ന കെട്ടിട നമ്പർ മേൽ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമ പഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു. ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കുമ്പോൾ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും, അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.
സഞ്ചയ പരിശോധിച്ചതു പ്രകാരം നിയമാനുസൃതമല്ലാത്ത ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	ഉടമയുടെ പേര്	ഉപയോഗ ക്രമം
1	1/1/UA/2016	എ. തങ്കമ്മ, വയലിൽ വീട്,	പാർപ്പിടാവശ്യം
2	5/327/ UA	വിജയകുമാരി, ആതിര ഭവൻ, മുള്ളറംകോട്	പാർപ്പിടാവശ്യം
3	10/1/UA/18	ശ്രീകണ്ഠൻനായർ, വയലിൽ വീട്, ഒറ്റൂർ	പാർപ്പിടാവശ്യം
4	1/2/UA(2023)	അസിസ്റ്റന്റ് എഞ്ചിനീയർ	ഓഫീസ് ആവശ്യത്തിനുള്ളവ

ഇത്തരം കെട്ടിടങ്ങളിൽ നിന്നും 3 ഇരട്ടി നികുതി ഈടാക്കി വരുന്നതായും, ചട്ട പ്രകാരം അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണെന്ന് ഓഡിറ്റ് എൻകയറി നം. 42-ന് മറുപടി നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 ഡബ്യു പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയത് - അപാകത

ജി.ഒ.(എം.എസ്)144/15/തസ്വഭവ തീയതി 27.4.2015, ജി.ഒ.(എം.എസ്)358/15/തസ്വഭവ തീയതി 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ സഞ്ചയ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

Building ID	Door No.	Owner Name	Owner Address

50229010004245	1/28	സത്യവ്രതൻ	കാണാവിള വീട്
50229010004243	1/29	സത്യവ്രതൻ	കാണാവിള വീട്
50229010004282	1/101	സുരേന്ദ്രൻ. പി	ഗിരിവിലാസം
50229010004961	1/102	സുരേന്ദ്രൻ. പി	ഗിരിവിലാസം
50229010004363	1/144	രാഹുലൻ	സുമതി വിഹാർ
50229010004364	1/145	രാഹുലൻ	സുമതി വിഹാർ
50229010006602	2/175	സുശീല	ചരുവിളവീട്
50229010008121	2/176	സുശീല	ചരുവിളവീട്
50229010006559	3/128/U	ഭാഗീരഥി	കുഴിയിൽവീട്
50229010006560	3/129/U	ഭാഗീരഥി	കുഴിയിൽ വീട്
50229010006535	3/182U	പത്മനാഭൻ	പുത്തൻവീട്
50229010006536	3/183/U	പത്മനാഭൻ	പുത്തൻവീട്
50229010006540	3/188/U	യശോധ	ജയപ്രകാശ് മന്ദിരം
50229010006541	3/189/U	യശോധ	ജയപ്രകാശ് മന്ദിരം
50229010006524	3/204/U	എൻ. കുട്ടൻ	പേരരക്കട
50229010006525	3/206/U	എൻ. കുട്ടൻ	പേരരക്കട
50229010006315	4/2	സുശീല	ബിന്ദു ഭവൻ
5029010006316	4/3	സുശീല	ബിന്ദു ഭവൻ
50229010002399	4/201/U	സുഹറാ ബീവി	ജെ.എം.കെ. മൻസിൽ
50229010002401	4/202/U	സുഹറാ ബീവി	ജെ.എം.കെ. മൻസിൽ
50229010002403	4/203/U	സുഹറാ ബീവി	ജെ.എം.കെ. മൻസിൽ
50229010002419	4/212/U	എം. നാസർ	ജെ.എം.കെ. മൻസിൽ
50229010002422	4/213/U	എം. നാസർ	ജെ.എം.കെ. മൻസിൽ
50229010002564	4/297/U	ജമീലാ ബീവി	വിളയിൽ വീട്
50229010002565	4/298/U	ജമീലാ ബീവി	വിളയിൽ വീട്
50229010002566	4/299/U	ജമീലാ ബീവി	വിളയിൽ വീട്
50229010002567	4/300/U	ജമീലാ ബീവി	വിളയിൽ വീട്
50229010003097	5/40	ചെല്ലപ്പൻപിള്ള	രാജേന്ദ്ര വിലാസം
50229010003098	5/41	ചെല്ലപ്പൻപിള്ള	രാജേന്ദ്ര വിലാസം

ഒരേ ഉടമസ്ഥന്റെ ഒന്നിലധികം നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ പലതും പഞ്ചായത്തിൽ അറിയിക്കാതെ പൊളിച്ചതും മറ്റ് കെട്ടിടങ്ങൾ വാസയോഗ്യമല്ലാത്ത രീതിയിൽ തൊഴുത്തായും വിറകുപുരകളാണെന്നും, 2011 ൽ കെട്ടിട നമ്പർ പതിച്ച വേളയിൽ എല്ലാ കെട്ടിടങ്ങൾക്കും നമ്പർ പതിച്ചു പോയതാണെന്നും നിലവിൽ പൊളിച്ചു മാറ്റിയ കെട്ടിടങ്ങളെ പഞ്ചായത്ത് രേഖകളിൽ നിന്നും ഒഴിവാക്കുന്നതാണെന്നും ഓഡിറ്റ് എൻകയറി നം. 43-ന് മറുപടി നൽകി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-14 നികുതി/നികുതിയേതര വരുമാനം

വസ്തുനികുതി

പഞ്ചായത്തിന്റെ തനതു വരുമാന സ്രോതസ്സായ വസ്തുനികുതി പിരിവ് 15.2.203 ലെ 6-ാം നമ്പർ തീരുമാന പ്രകാരം ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കൃത്യമായ കുടിശ്ശിക കണക്ക് ലഭ്യമാകുന്നുണ്ട്. വരവ് രജിസ്റ്ററുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ യഥാസമയം പരിശോധിക്കുന്നുണ്ട്.

തൊഴിൽ നികുതി

തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. തൻവർഷം തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തികൾ 60 ദിവസത്തിലധികം നിർവ്വഹിച്ച കരാറുകാരുടെ വിവരങ്ങൾ ശേഖരിച്ച് അർഹരായവരിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നികുതിയേതര വരുമാനം

ലൈസൻസ്

വാർഡ്തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിനനുസരിച്ച് ലൈസൻസ് രജിസ്റ്ററും കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് 3.5.2023, 5.5.2023, 17.6.2023, 20.6.2023 തീയതികളിൽ സ്ഥല പരിശോധന നടത്തി ഉറപ്പു വരുത്തിയിട്ടുണ്ട്. എന്നിരുന്നാലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം 1038, ഹരിതകർമ്മ സേന മാലിന്യം ശേഖരിക്കുന്ന വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം 391, ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണം 331 ആണ്. ഫീൽഡ്തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, തനത് വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ ആകെ 20 കുളങ്ങൾ ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നീറുവിള പബ്ലിക് മാർക്കറ്റ് 3 പ്രാവശ്യം ലേലം ചെയ്തുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ മാർക്കറ്റ് ലേലം ഉപേക്ഷിച്ചു. കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം, മറ്റ് സാധനങ്ങൾ എന്നിവ സമയത്ത് ലേലം ചെയ്ത് വരവായി സ്വീകരിച്ചിട്ടുണ്ട്.

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8-ാമത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% പിരിച്ചെടുക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വർഷം മുതലുള്ള പൊതുവിഭാഗം ഫണ്ടിന്റെ ഗഡുവിൽ നിന്നും 1% ഈടാക്കുന്നതിന് ജി.ഒ.(എം.എസ്)നം.179/2022/ഫിൻ. തീയതി 18.10.2022 പ്രകാരം ഉത്തരവായിട്ടുണ്ട്. പഞ്ചായത്തിൽ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തതിനാൽ വികസന ഫണ്ടിൽ നിന്നും മേൽ ഉത്തരവ് പ്രകാരം 1% തുക കുറവ് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. വരും വർഷങ്ങളിലും തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ

സ.ഉ.(കൈ)നം.115/2022/തസ്വഭവ. തീയതി 28.5.2022 മാർഗ്ഗരേഖ 7.1 ലെ 7.16 പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് നം. 25/24, ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ഇന്ദ്രധനുഷ്, അഭിറാം, എന്നീ കുട്ടികളുടെ അപേക്ഷയിൽ സമർപ്പിച്ചിരിക്കുന്ന റേഷൻകാർഡിന്റെ പകർപ്പിൽ പ്രസ്തുത വിദ്യാർത്ഥികൾ യഥാക്രമം ചെറുന്നിയൂർ, മണമ്പൂർ പഞ്ചായത്തിൽ ഉൾപ്പെട്ടവരാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കുട്ടികൾക്ക് മണമ്പൂർ, ചെറുന്നിയൂർ പഞ്ചായത്തുകളിൽ നിന്നും സ്കോളർഷിപ്പ് ലഭ്യമാകുന്നില്ലായെന്ന് ഉറപ്പുവരുത്തിയതിന് ശേഷമാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും കൂടാതെ ഈ രണ്ടു കുട്ടികളും ചലന വൈകല്യമുള്ള കുട്ടികളുടെ വിഭാഗത്തിൽപ്പെടുന്നവരാണെന്നും ഓഡിറ്റ് എൻകൗയറി നം.33-ന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- പ്രോജക്ട് പൂർത്തിയായില്ല.

പ്രോജക്ട് നമ്പർ	70/23-24
പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി
അടങ്കൽ	1000000
ചെലവ്	725000
ബിൽ നം/തുക	191/19.10.2023 തുക 100000/- 246/21.11.2023 തുക 200000/- 331/20.12.2023 തുക 50000/- 492/24.03.2024 തുക 75000/- 493/24.03.2024 തുക 75000/- 495/24.03.2024 തുക 75000/- 497/24.03.2024 തുക 75000/- 498/24.03.2024 തുക 75000/-
ഫണ്ടിനം	വികസന ഫണ്ട് (എസ്.സി.പി)
നിർവ്വഹണം	അസി. സെക്രട്ടറി

പ്രസ്തുത പ്രോജക്ട് പ്രകാരം 2023-24 വർഷം രണ്ട് ഗഡു തുക (50000+ 75000) കൈപ്പറ്റിയ ചന്ദ്രവല്ലി, കാട്ടുവിള വീട്, എസ്.എൻ പുരം, വടശ്ശേരിക്കോണം എന്ന ഗുണഭോക്താവ് തൻവർഷം പഠന മുറി നിർമ്മാണം പൂർത്തിയാക്കിയില്ല. ഇതിന്മേൽ കൈക്കൊണ്ട തുടർ നപടിവിവരം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നമ്പർ 01/21-06-2024) ഗുണഭോക്താവ് മാർച്ച് 31 നുള്ളിൽ ഇലക്ട്രിഫിക്കേഷൻ, പെയിന്റിംഗ് എന്നീ വർക്കുകൾ പൂർത്തിയാക്കിയില്ലെന്നും 2024-25 വർഷം പ്രസ്തുത ഗുണഭോക്താവിനുള്ള 75000 രൂപ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അസി. എഞ്ചിനീയറുടെ വാല്യൂവേഷൻ ലഭിക്കുന്ന മുറയ്ക്ക് അവസാന ഗഡുവും അനുവദിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ (അസി. സെക്രട്ടറി) മറുപടി നൽകി. പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

1-17 വൈദഗ്ദ്ധ്യ പരിശീലനം- തുടർ പ്രവർത്തന വിവരം ലഭ്യമല്ല.

പ്രോജക്ട് നമ്പർ	188/23-24
പ്രോജക്ടിന്റെ പേര്	യുവാക്കൾക്കും വനിതകൾക്കും വൈദഗ്ദ്ധ്യ പരിശീലനം - കിഴങ്ങ് വർഗ്ഗ വിളകൾ
അടങ്കൽ	10000
ചെലവ്	10000
ബിൽ നമ്പർ/തുക	417/16.02.2024 തുക 3000/- 434/26.02.2024 തുക 7000/-
ഫണ്ടിനം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
നിർവ്വഹണം	അസി. സെക്രട്ടറി

പ്രസ്തുത പ്രോജക്ട് പ്രകാരം കിഴങ്ങ് വിളകളിൽ നിന്ന് ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്ന പരിശീലനം നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഇതിലേക്കായി ശ്രീകാര്യം കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രത്തിൽ വച്ച് ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫയലിന്റെ പരിശോധനയിൽ ഏതൊക്കെ കിഴങ്ങു വിളകളിന്മേലുള്ള ഉൽപ്പന്ന നിർമാണത്തിനാണ് പരിശീലനം നൽകിയത്, ഇതിന്റെ തുടർ നടപടി വിവരം, കാർഷിക മേഖലയിലെ പ്രോജക്ടുകളുമായി ഇത് എപ്രകാരം ലിങ്ക് ചെയ്തു, ഈ മേഖലയിൽ കൈവരിച്ച തൊഴിൽ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (02/21-06-2024) പരിശീലനത്തെത്തുടർന്ന് ഗ്രാമപഞ്ചായത്തിലെ നന്മ എന്ന കുടുംബശ്രീ യൂണിറ്റ് അതേ പേരിൽ മരച്ചീനി ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമക്കി. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകൾ, മോണിട്ടറിംഗ് റിപ്പോർട്ട് ഇവയൊന്നും ഹാജരാക്കിയില്ല. വരും വർഷങ്ങളിൽ പരിശീലന പരിപാടികളിൽ കൃത്യമായ തുടർ പ്രവർത്തന റിപ്പോർട്ട് കൂടി പ്രോജക്ടിനൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-18 വയോജനങ്ങളായ കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിൽ മതിയായ തുക വകയിരുത്താതെ പ്രോജക്ട് തയ്യാറാക്കി.

പ്രോജക്ട് നമ്പർ	182/23-24	
പ്രോജക്ടിന്റെ പേര്	വയോജനങ്ങായ കുടുംബശ്രീ അംഗങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനം- സോപ്പ്, മെഴുകതിരി, ചന്ദത്തിരി തുടങ്ങിയവയുടെ നിർമ്മാണം	
അടങ്കൽ	10000	
ചെലവ്	6940	
ഫണ്ടിനം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	
ബിൽ നമ്പർ	448/24-02-2024	3940

	465/15-03-2024	3000

വയോജനങ്ങളായ കുടുംബശ്രീ അംഗങ്ങൾക്ക് സോപ്പ്, മെഴുകുതിരി, ചന്ദനത്തിരി എന്നിവയുടെ നിർമ്മാണത്തിന് പരിശീലനം നൽകി വയോജനങ്ങളെ സ്വയംപര്യാപ്തരാക്കുക എന്നതാണ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടത്. 24-01-2024 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ രണ്ടാം നമ്പർ തീരുമാനത്തിൽ "പരിശീലനത്തിനായി നാമമാത്രമായ തുക ഉൾക്കൊള്ളിച്ചിരുന്നതിനാൽ സോപ്പ് നിർമ്മാണം പോലുള്ള ഒരു പരിശീലനം മാത്രം നടത്തുന്നതിനും പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ആയതിന്റെ കിറ്റ് ഉൾപ്പെടെ വിതരണം നടത്തുന്നതിനും" അസി. സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ആവശ്യത്തിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. മതിയായ തുക വകയിരുത്തി പ്രോജക്ട് തയ്യാറാക്കാതിരുന്നതിനാലാണ് ഇപ്രകാരം പ്രോജക്ട് ലക്ഷ്യം കൈവരിക്കാതെ പോയത്. ഇതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (03/21-06-2024) ഫിനാൻസ് കമ്മീഷന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ വില്ലേജ് വിത്ത് ഗുഡ് ഗവർണൻസിനായി നിശ്ചിത എണ്ണം പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരുന്നു എന്നും പഞ്ചായത്തിൽ മറ്റ് ഫണ്ടുകളൊന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഫിനാൻസ് കമ്മീഷൻ തുകയായ 10000 രൂപ മാത്രമേ വകയിരുത്താനായുള്ളൂ എന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. വരും വർഷങ്ങളിൽ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുക ഉൾപ്പെടുത്തി പ്രോജക്ടിന് അംഗീകാരം തേടാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 പാഥേയം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക 185390/- രൂപ തടസ്സപ്പെടുത്തുന്നു.

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പാഥേയം (ജനറൽ/എസ്.സി.പി) പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതം ജില്ല മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

എ)

പ്രോജക്ട് നമ്പർ	72/2023-24
പ്രോജ്ക്ടിന്റെ പേര്	പാഥേയം ജനറൽ വിഭാഗം
അടങ്കൽ	58240
ചെലവ്	58240
ഫണ്ടിനം	വികസന ഫണ്ട്- ജനറൽ
ബിൽ നം.	356/29.12.2023
നിർവ്വഹണം	അസി. സെക്രട്ടറി
ബിൽ നമ്പർ	366/28-12-2023

ബി)

പ്രോജക്ട് നമ്പർ	72/2023-24
പ്രോജ്ക്ടിന്റെ പേര്	പാഥേയം എസ്.സി.പി
അടങ്കൽ	127150
ചെലവ്	127150
ഫണ്ടിനം	വികസന ഫണ്ട്- എസ്.സി.പി
ബിൽ നം.	355/29.12.2023
നിർവ്വഹണം	അസി. സെക്രട്ടറി
ബിൽ നമ്പർ	365/28-12-2023

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നമ്പർ 06/21-06-2024) വിനിയോഗ സാക്ഷ്യപത്രത്തിനായി ജില്ല പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പ്രോജക്ടിന്റെ ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ചെലവ് തുക 185390/- (58240+127150) തടസ്സപ്പെടുത്തുന്നു.

1-20 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ - പ്രോജക്ട് പൂർത്തിയായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു - 726000/- രൂപ.

പ്രോജ്ക്ട് നമ്പർ	SOOO9/23-24	
പ്രോജക്ടിന്റെ പേര്	പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ	
അടങ്കൽ	726000	
ചെലവ്	726000	
ഫണ്ടിനം	ധനകാര്യ കമ്മീഷൻ ഗ്രാന്റ് 700000	തനത് ഫണ്ട് 26000
	ബിൽ നമ്പർ 411/13-02-2024	ബിൽ നമ്പർ 412/13-02-2024
നിർവ്വഹണം	സെക്രട്ടറി	

ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിച്ച് ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി യ്ക്ക് നൽകുന്ന തരത്തിലും കെ.എസ്.ഇ.ബി വൈദ്യുതി ഇല്ലാത്ത സമയങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്ന തരത്തിലുമുള്ള ഓൺഗ്രിഡ് സോളാർ പാനൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മീഷൻ അടിസ്ഥാനവിഹിതത്തിൽ നിന്ന് 700000 രൂപയും തനത് ഫണ്ടിൽ നിന്നും 26000 രൂപയും കൂടി ആകെ 726000 രൂപ വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിലേക്കായി 06-03-2023 ൽ സെക്രട്ടറി അനെർട്ട് ഡയറക്ടർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 18-05-2023 ൽ അനെർട്ടിൽ നിന്നും ലഭ്യമാക്കിയ 726000 രൂപയുടെ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും 24-11-2023 ൽ ചേർന്ന കമ്മിറ്റി 2(3) നമ്പരായി അംഗീകരിച്ചു. ഇതിൻ പ്രകാരം മേൽ പരാമർശിച്ചിരിക്കുന്ന ബില്ലുകൾ മുഖേന അനെർട്ടിന് തുക കൈമാറി. എന്നാൽ അനർട്ടുമായി കരാർ ചമച്ചിരിക്കുന്നത് 26-02-2024 ൽ ആണ്. സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം. 12/24-06-2024) മാർച്ച് മാസത്തിൽ തുക കൈമാറിയെങ്കിലും ആയതിന് ശേഷം പൊതു തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ വന്നതിനാൽ അനർട്ടിന് ടെണ്ടർ നപടി ചെയ്യുന്നതിന് കാലതാമസം നേരിട്ടു എന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. കൂടാതെ പ്രവർത്തി ജൂലൈ മാസത്തിൽ പൂർത്തീകരിക്കുന്നതാണെന്നും മറുപടിയിൽ സെക്രട്ടറി

രേഖപ്പെടുത്തിയിരിക്കുന്നു. തുടർ നടപടികൾ കൈക്കൊണ്ട് പ്രോജക്ട് തൃപ്തികരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രവർത്തി പൂർത്തീകരിച്ച്, പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമക്കുന്നത് വരെ ടി ചെലവ് (726000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യൽ - പ്രോജക്ട് പൂർത്തീയായില്ല

പ്രോജക്ട് നമ്പർ	S0021/24
പ്രോജക്ടിന്റെ പേര്	ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യൽ
അടങ്കൽ	178000
ചെലവ്	178000
ബിൽ നമ്പർ	275/02.12.2023
ഫണ്ടിനം	വികസന ഫണ്ട്- ജനറൽ

ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിരവധി ഗാർഹിക കണക്ഷനുകൾ നൽകിയതിനെ തുടർന്ന് നിരവധി പൊതുടാപ്പുകൾ ഉപയോഗ ശൂന്യമായതിനാൽ ഇവ നിർത്തലാക്കി ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം കുറവ് ചെയ്യുന്നതിന് വേണ്ടിയാണ് പ്രോജക് ആവിഷ്കരിച്ചത്. ഇപ്രകാരം ഉപയോഗശൂന്യമായ 94 ടാപ്പുകൾ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി ചേർന്നുള്ള സംയുക്ത പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ഇവ ഒഴിവാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ 04-08-2023 ൽ സെക്രട്ടറി വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടു (നമ്പർ എ1-4-155/23 കത്ത്). ഇതിന്റെ അടിസ്ഥാനത്തിൽ 15-09-2023 ന് വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് (No.WRD/KWA-CE(SR)/EST/21590/2023 5-1-1) 24-11-2023 ൽ ചേർന്ന ഭരണ സമിതി അംഗീകരിച്ചു. ഇതിൻ പ്രകാരം 22-12-2023 ന് 178000 രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറി. എന്നാൽ പ്രോജക്ടിന്റെ നിർവ്വഹണം, വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിരിക്കുന്നത് 01-06-2024 ൽ മാത്രമാണ്. 01-06-2024 ൽ ചമച്ച കരാറിലെ വ്യവസ്ഥ നമ്പർ 2 പ്രകാരം വാട്ടർ അതോറിറ്റി മൂന്ന് മാസത്തിനുള്ളിൽ (31-08-2024 നുള്ളിൽ) പ്രവൃത്തി പൂർത്തിയാക്കിയാൽ മതിയാകും. അതുവരെയുള്ള കാലയളവിലെയും പ്രവർത്തന രഹിതമായ വാട്ടർ ടാപ്പുകളുടെ വാടകയും ഗ്രാമപഞ്ചായത്ത് അടയ്ക്കേണ്ടതായി വരും.

സമയബന്ധിതമായി കരാർ ചമയ്ക്കാതിരുന്നതിന്റെ കാരണവും നിലവിലെ പ്രോജക്ടിന്റെ അവസ്ഥയും വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 13/24-06-2024) തുക കൈമാറിയ ശേഷം മാത്രമാണ് വാട്ടർ അതോറിറ്റി അധികൃതർ കരാറിലേർപ്പെടാൻ തയ്യാറായതെന്ന് സെക്രട്ടറി മറുപടി നൽകി. കൂടാതെ പൊതു ടാപ്പുകൾ ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് ബഹു. വാട്ടർ അതോറിറ്റി എം.ഡി യ്ക്ക് കത്ത് നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും 17-05-2024 ന് അസിസ്റ്റന്റ് എക്സി. എഞ്ചിനീയർക്ക് ഓർമക്കുറിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് പ്രോജക്ട് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 12000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	S0213/24
പ്രോജക്ടിന്റെ പേര്	എട്ടാം വാർഡിലെ സ്മാർട്ട് അംഗണവാടി കെട്ടിടത്തിലേക്ക് വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ലഭ്യമാക്കുന്നത് സംബന്ധിച്ച്
അടങ്കൽ	20000
ചെലവ്	12000
ഫണ്ടിനം	വികസന ഫണ്ട്- ജനറൽ
നിർവ്വഹണം	സെക്രട്ടറി
ബിൽ നമ്പർ	509/24-03-2024

എട്ടാം വാർഡിൽ പുതുതായി നിർമ്മിച്ച അങ്കണവാടി കെട്ടിടത്തിലേക്ക് കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിലേക്കായി 06-07-2023 ൽ സെക്രട്ടറി ആവശ്യപ്പെട്ടതിൻ പ്രകാരം വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർ 19-02-2024 ൽ 12000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചു. പ്രസ്തുത എസ്റ്റിമേറ്റ് 06-03-2024 ൽ ചേർന്ന ഭരണ സമിതി അംഗീകരിക്കുകയും ബിൽ നമ്പർ 509/24-03-2024 പ്രകാരം തുക ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. എന്നാൽ വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിരിക്കുന്നത് 01-06-2024 ൽ മാത്രമാണ്. നിലവിലെ പ്രോജക്ടിന്റെ അവസ്ഥയും വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 14/ 24-06-2024) 24-03-2024 ൽ തുക ട്രാൻസ്ഫർ ചെയ്ത ശേഷം പൊതു പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലും മുദ്ര പത്രം കിട്ടാത്ത അവസ്ഥ ഉണ്ടായതിനാലുമാണ് കരാർ ചമയ്ക്കാൻ വൈകിയതെന്ന് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത പ്രവൃത്തി നിലവിൽ പൂർത്തിയായെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ലെന്നും മറുപടി നൽകി. വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കുന്നത് വരെ 12000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല - 217803 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	17/23-24

പ്രോകൂിന്റെ പേര്	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	500000
ചെലവ്	500000
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് (റോഡിതരം)
നിർവ്വഹണം	മെഡിക്കൽ ഓഫീസർ (ഹോമിയോ)
ബിൽ നമ്പർ	170/09-10-2023

പ്രസ്തുത പ്രോജക്ട് പ്രകാരം 500000 രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെയും ആകെ 209377 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (08/24-06-2024) 25-06-2024 ൽ 72820 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായിട്ടുണ്ടെന്നും ബാക്കിയുള്ള മരുന്നുകൾ കൂടി ലഭ്യമാക്കാനുള്ള മേൽ നടപടി സ്വീകരിക്കുന്നതാണെന്നും മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാൻ നടപടി കൈക്കൊള്ളേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നത് വരെ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 217803 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 വിവിധ പ്രോജക്ടുകൾക്കായി തുകകൾ കൈമാറിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല - 451245/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ)

പ്രോജക്ട് നമ്പർ	48/24
പ്രോജക്ടിന്റെ പേര്	നവജീവനം- മരുന്ന് വാങ്ങൽ
അടങ്കൽ	300000
ചെലവ്	57187
ഫണ്ട്	മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്
ബിൽ നമ്പർ	440/29-02-2024
നിർവഹണം	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പഞ്ചായത്തിലെ വയോജനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കി മെച്ചപ്പെട്ട ചികിത്സ നൽകി രോഗങ്ങളിൽ നിന്നും പരിരക്ഷ നൽകുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടിൽ 300000/- രൂപ വകയിരുത്തിയെങ്കിലും 57187 രൂപ മാത്രമാണ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പദ്ധതിയ്ക്കായി കൈമാറിയത്. പ്രസ്തുത തുകയിൽ നാളിതുവരെ 25354 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (23/25-06-2024) മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഘട്ടം ഘട്ടമായി മാത്രമാണ് മരുന്നുകൾ ലഭ്യമാകുന്നതെന്ന് മറുപടി നൽകി. ലഭ്യമാക്കാത്ത മരുന്നുകളുടെ വിലയായ 31833/- രൂപ (57187 – 25354) തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

ബി)

പ്രോജക്ട് നമ്പർ	44/24	
പ്രോജക്ടിന്റെ പേര്	പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ	
അടങ്കൽ	1000000	
ചെലവ്	847216	
നിർവഹണം	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	
ഫണ്ട്	മെയിന്റൻസ് ഫണ്ട്- റോഡിതരം	
ബിൽ നമ്പർ	57/04-07-2023	118347
	70/05-07-2023	14932
	144/18-09-2023	299062
	240/11-11-2023	112050
	241/21-11-2023	14973
	243/21-11-2023	12180
	260/28-11-2023	14906
	265/28-11-2023	13412
	266/28-11-2023	14861
	292/11-12-2023	14898
	363/04-01-2024	103086
	382/27-01-2024	5004
	394/02-02-2024	13685
	418/19-02-2024	66345
	436/27-02-2024	14975
	441/02-03-2024	14500

പ്രൈമറി ഹെൽത്ത് സെന്ററിൽ ചികിത്സയ്ക്ക് വരുന്ന രോഗികൾക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുകയാണ് പ്രസ്തുത പ്രോജക്ട് വഴി ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിലേക്കായി വിവിധ ബില്ലുകൾ പ്രകാരം തുക കൈമാറി. എന്നാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പ്രോജക്ട് പ്രകാരം 847216 രൂപ നൽകിയെങ്കിലും 493679 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കാൻ സ്ഥാപനവുമായി (മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ) നടത്തിയ കത്തിടപാടുകളുടെയും തുടർനടപടികളുടെയും വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻകുയറിക്ക് (25/26-06-2024) സ്റ്റോക്ക് ലഭിക്കുന്ന മുറയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതാണെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അറിയിച്ചതായി മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. ഇക്കാരണത്താൽ 353537/- (847216 – 493679) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി)

പ്രോജക്ട് നമ്പർ	40/23-24	
പ്രോജക്ടിന്റെ പേര്	പാലിയേറ്റീവ് കെയർ- സ്നേഹതീരം	
അടങ്കൽ	536780	
ചെലവ്	405883	
ഫണ്ടിനം (ചെലവ്)	205883 (വികസന ഫണ്ട്- ജനറൽ)	200000 (മറ്റ് ബ്ലോക്ക് പഞ്ചായത്ത്) ബിൽ നമ്പർ 230107520625003285 76/15-07-2023
നിർവഹണം		മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ രോഗികൾക്ക് വീടുകളിൽ ചെന്നുള്ള മെച്ചപ്പെട്ട ചികിത്സയും മരുന്നും മറ്റ് അത്യാവശ്യ ഉപകരണങ്ങളും നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. വിവിധ ബില്ലുകൾ പ്രകാരം 405883 രൂപ പ്രോജക്ടിനായി ചെലവഴിച്ചു. ഇതിൽ 2,00,000 രൂപ 15/07/2023 ൽ മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആകെ 134125 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. ബാക്കി മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (32/26-06-2024) മരുന്നുകൾ സ്റ്റോക്ക് ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അറിയിച്ചതായി മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. ഇക്കാരണത്താൽ 65875/- (200000 – 134125) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ പരാമർശിച്ച പ്രോജക്ടുകൾ പ്രകാരം ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

	മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയ തുക	ലഭ്യമാക്കിയ മരുന്നുകളുടെ തുക	ലഭ്യമാക്കാനുള്ള മരുന്നിന്റെ വില
48/24, നവജീവനം മരുന്ന് വാങ്ങൽ	57187	25354	31833
44/24 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ	847216	493679	353537
40/പാലിയേറ്റീവ് കെയർ സ്നേഹതീരം	200000 ബിൽ നമ്പർ	134125	65875
ആകെ	924403	653158	451245

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി കത്തിടപാട് നടത്തേണ്ടതും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നത് വരെ 451245 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-25 വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ വിതരണം - വിവിധ അപാകങ്ങൾ

പ്രോജക്ട് നമ്പർ	S0151/24
പ്രോജക്ടിന്റെ പേര്	**വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ വിതരണം**
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1
അടങ്കൽ	91800/- (46360/- ധനകാര്യ കമ്മീഷൻ അവാർഡ്+44064/- ഗുണഭോക്തൃ വിഹിതം)
ചെലവ്	38760/-(ഗുണഭോക്തൃ വിഹിതം)

വീടുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും അതിലൂടെ മാലിന്യ നിർമാർജനം, സമ്പൂർണ്ണ ശുചിത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ബയോ കമ്പോസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഒരു ബയോകമ്പോസ്റ്റ് ബിന്നിന്റെ വില 1900/- രൂപ (ഗ്രാന്റ് - 1710/-, ഗുണഭോക്തൃ വിഹിതം - 190/-) നിരക്കിൽ 204 എണ്ണം ഐ.ആർ.റ്റി.സി.പി.ഐ.യു എന്ന സ്ഥാപനത്തിൽ നിന്നും 387600/- രൂപയ്ക്ക് വാങ്ങുകയും 348840/- രൂപ 2022-23 സാമ്പത്തിക വർഷത്തിലും അവശേഷിച്ച തുകയായ 38760/- രൂപ 2023 -24 സാമ്പത്തിക വർഷവും പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. അസൽ രസീത് ഓഫീസലിൽ സൂക്ഷിക്കേണ്ടതും പകർപ്പ്, പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത ബുക്ക് നം. 20085, 20086 (നൂറ് രസീതുകൾ വീതം) പ്രകാരമുള്ള രസീതു ബുക്കുകൾ വൺസൈഡഡ് കാർബൺ ഉപയോഗിച്ചാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. കൂടാതെ വിവിധ അസൽ രസീതുകളിൽ കാർബൺ ഉപയോഗിച്ചാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. രസീതുകളിൽ തീയതിയും, അക്ഷരത്തിൽ രേഖപ്പെടുത്തിയ തുകയുടെ വിവരവും ഉൾപ്പെട്ടിട്ടില്ല. രസീതുകളിൽ തീയതി രേഖപ്പെടുത്താത്തതിനാൽ തുക സമയബന്ധിതമായി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ ഐ.ആർ.റ്റി.സി.പി.ഐ.യു തുക അനുവദിച്ചപ്പോൾ ജി.എസ്.ടി.ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

3) പ്രോജക്ട് പ്രകാരം 204 ബയോകമ്പോസ്റ്റ് ബിന്നാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷ(അനുബന്ധ രേഖകൾ മാത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്), പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻകെയറിക്ക്(22/25.06.2024) ന് ലഭിച്ച മറുപടിയിൽ രസീതു് ബുക്കുമായി ബന്ധപ്പെട്ട അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്യുന്നതിനുള്ള ലോഗിൻ ലഭിക്കാത്തതിനാലാണ് ബിൽ തുകയിൽ നിന്നും ആയത് കുറവ് ചെയ്യാത്തെതെന്നും സ്ഥാപനം നേരിട്ട് ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കൾ സമർപ്പിച്ച തിരിച്ചറിയൽ കാർഡ്/റേഷൻ കാർഡ് എന്നിവയുടെ പകർപ്പും, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അപേക്ഷകളും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ഹരിതമിത്രം ആപ്പ് - കസ്റ്റമർ എന്റോൾമെന്റിന് അനുസൃതമായി തുക അനുവദിക്കേണ്ടതാണ്.

പ്രോജക്ട് നം	SO207/24
പ്രോജക്ടിന്റെ പേര്	ഹരിത മിത്രം ആപ്പ് - വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിപ്പിക്കൽ
നിർവഹണം	വി.ഇ.ഒ സർക്കിൾ 2
അടങ്കൽ	75000 (വികസന ഫണ്ട്)
ചെലവ്	73365

ഹരിത മിത്രം ആപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ട് വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിപ്പിക്കൽ, ഡേറ്റാ എൻട്രി എന്നിവയ്ക്കാണ് പദ്ധതി നടപ്പാക്കിയത്. സ.ഉ.(സാധാ).നം.2341/2022/തസ്വഭവ തീ.26.09.2022 പ്രകാരം ഹരിത മിത്രം ആപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വീട്/ഒരു സ്ഥാപനത്തിന് 15 രൂപയിൽ കുറയാത്ത നിരക്കിൽ പദ്ധതി തുക വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്. പ്രസ്തുത തുക കസ്റ്റമർ എൻട്രോൾമെൻറ് പ്രവർത്തനത്തിൽ ഏർപ്പെടുന്നവർക്കുള്ള യാത്രചെലവ്, റിഫ്രഷ്മെന്റ്, ഓണറേറിയം, ഫോണിൽ നെറ്റ് റീചാർജ്ജിംഗ് എന്നിവയ്ക്കായി വിനിയോഗിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കസ്റ്റമർ എന്റോൾമെന്റ് നടത്താതെ ക്യൂ ആർ കോഡ് പതിപ്പിച്ച വീടുകളുടെ/സ്ഥാപനങ്ങളുടെ എണ്ണത്തിന് (4891 എണ്ണം) ആസ്പദമായാണ് തുക അനുവദിച്ചിട്ടുള്ളത്. ഓഡിറ്റ് എൻകെയറിയുടെ മറുപടിയിൽ (26/25.06.2024) അടഞ്ഞു കിടന്നതും പൂട്ടിയിട്ടിരുന്നതുമായി സ്ഥാപനങ്ങളിൽ ഉൾപ്പെടെ ക്യൂ ആർ കോഡ് പതിപ്പിച്ചിതിനാലാണ് തുക അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശപ്രകാരം കസ്റ്റമർ എന്റോൾമെന്റ് നടപ്പാക്കുന്ന വീടുകളുടെ/സ്ഥാപനങ്ങളുടെ എണ്ണത്തിന് ആസ്പദമായി മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 ഹരിത കർമ്മസേന വാഹന ഉപയോഗം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പ്രോജക്ട് നം	SO208/24
പ്രോജക്ടിന്റെ പേര്	ഹരിത കർമ്മസേന വാഹനം-ഡ്രൈവറുടെ വേതനം
നിർവഹണം	വി.ഇ.ഒ സർക്കിൾ 2
അടങ്കൽ	51100 (തനത് ഫണ്ട്)
ചെലവ്	3900

1) ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വിവിധ മിനി എം.സി.എഫുകളിൽ നിന്നും അജൈവമാലിന്യങ്ങൾ എം.സി.എഫിലേക്ക് മാറ്റുന്നതിനുള്ള ഡ്രൈവറുടെ ദിവസ വേതനാടിസ്ഥാനത്തിലുള്ള ശമ്പളം നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം ശ്രീമതി സുഷ യെ ഹരിതകർമ്മസേന അംഗമായി തിരഞ്ഞെടുത്ത് ഹരിതകർമ്മ വാഹനം ഓടിക്കുന്നതിനായി നിയമനം നൽകുന്നതിൻ ഹരിതകർമ്മസേന കൺസോർഷ്യത്തോട് 12.06.2023 ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ശുപാർശ ചെയ്യുകയും അതിൻ പ്രകാരം 23.08.2023 ൽ ഹരിത കർമ്മസേന അംഗമായി തിരഞ്ഞെടുത്തിട്ടുമുണ്ട്. പ്രസ്തുത തീരുമാന പ്രകാരം നിയമിതയായ ശ്രീമതി സുഷയ്ക്ക് 2023 ആഗസ്റ്റ് മാസത്തെ വേതന ഇനത്തിൽ 3900 രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളത്. പദ്ധതി മാർഗരേഖപ്രകാരവും അനുബന്ധ ഉത്തരവ് പ്രകാരവും{സ.ഉ(സാധാ)നം.1739/2023/തസ്വഭവ തീ.25.08.2023} ഹരിതകർമ്മ സേന അംഗമായിട്ടുള്ള ഡ്രൈവറുടെ വേതനം കൺസോർഷ്യം ഫണ്ടിൽ നിന്നാണ് നൽകേണ്ടത്.

2) KL-81-A- 7697 രെജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള ഹരിതകർമ്മസേന വാഹനത്തിന്റെ ലോഗ് ബുക്കിൽ വിവിധ ദിവസങ്ങളിൽ വാഹനത്തിന്റെ മുന്നിരിപ്പ് ദൂരങ്ങൾ (കിലോമീറ്റർ റീഡിംഗ്)അതിന് മുൻ ദിവസം വാഹനം ഓടിയ നീക്കിയിരിപ്പ് ദൂരവുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണം

ദിവസം	കിലോമീറ്റർ റീഡിംഗ് CB	ദിവസം	കിലോമീറ്റർ റീഡിംഗ് OB
26.09.2023	1152	27.09.2024	1157
29.09.2023	1239	06.10.2023	1244
25.12.2023	2069	26.12.2023	2063

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിയുടെ മറുപടിയിൽ (നം. 24/25.06.2024) ഡ്രൈവറുടെ വേതനം നൽകുന്നതിനായി പ്രോജക്ട് രൂപീകരിച്ചതിനാലാണ് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതെന്നും വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-28 അതിദാരിദ്ര്യ നിർമ്മാർജ്ജനം - പദ്ധതിപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല

പ്രോജക്ട് നം	SO093/24
പ്രോജക്ടിന്റെ പേര്	അതിദാരിദ്ര്യ നിർമ്മാർജ്ജനം -ഭക്ഷ്യക്കിറ്റ് നൽകൽ
നിർവഹണം	വി.ഇ.ഒ സർക്കിൾ 2
അടങ്കൽ	210000(60000 വികസന ഫണ്ട് +150000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
ചെലവ്	34861 (വികസന ഫണ്ട്)

അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിയ അതിദാരിദ്ര്യ സർവ്വേ പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ട, ഗ്രാമപഞ്ചായത്തിൽ നിന്നും തിരഞ്ഞെടുത്ത 35 ഗുണഭോക്താക്കൾക്ക് പ്രതിമാസം 500 രൂപ വിലയുള്ള ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ നടപ്പാക്കിയ അതിദാരിദ്ര്യ സർവ്വേ പ്രകാരമുള്ള ലിസ്റ്റിൽ നിന്നും സ.ഉ(കൈ)നം.145/2021/തസ്വഭവ തീ. 16.07.2021 ഉത്തരവ് പ്രകാരം അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ മൈക്രോപ്ലാൻ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കുകയും ആയത് 22.09.2022 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി I(5) നമ്പർ തീരുമാനത്തിൽ അംഗീകരിച്ചിട്ടുമുണ്ട്. പ്രസ്തുത മൈക്രോപ്ലാൻ പ്രകാരം ഹ്രസ്വകാല പദ്ധതികൾക്കായി ഭക്ഷണം ആവശ്യമുള്ള കുടംബങ്ങളുടെ എണ്ണമായി രേഖപ്പെടുത്തിയിരിക്കുന്നത് 5 കുടംബങ്ങളെയാണ്. എന്നാൽ ഹ്രസ്വകാല പദ്ധതിയായി നടപ്പാക്കേണ്ട ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്ന മേൽ പ്രോജക്ടിൽ ആകെ 35 കുടംബങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മേൽ പ്രോജക്ടിൽ ബിൽ നം. 253/27.11.2023 പ്രകാരം 40 പേർക്ക് ഭക്ഷണ കിറ്റ് അനുവദിച്ചിട്ടുണ്ട്.(ആകെ വിതരണം ചെയ്തത് 53 പേർക്ക്, സ്പോൺസർഷിപ്പ് മുഖേന 13 പേർക്ക്)

2) സ.ഉ(കൈ)നം.146/2022/തസ്വഭവ തീ. 08.07.2022 പ്രകാരം മൂന്ന് മാസം മുതൽ രണ്ട് വർഷം വരെയുള്ള ഇടക്കാലം കൊണ്ട് ചെയ്യാവുന്ന പദ്ധതികളാണ് ഹ്രസ്വകാല പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത പ്രോജക്ടിൽ പ്രതിമാസം ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത് എങ്കിലും 2023-24 വർഷത്തിൽ രണ്ട് തവണ മാത്രമാണ് ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുള്ളത്.

3) സ.ഉ(കൈ)നം.146/2022/തസ്വഭവ തീ. 08.07.2022 പ്രകാരം തദ്ദേശ സ്ഥാപന ഭരണ സമിതി ഓരോ രണ്ട് വർഷം കൂടുമ്പോഴും അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാനുകളുടെ നിർവ്വഹണം വിലയിരുത്താൻ ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിയോഗിക്കണം. ഈ സമിതി പദ്ധതി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭകൾ, തദ്ദേശ സ്ഥാപനതല പൊതുവേദികൾ എന്നിവിടങ്ങളിൽ അവതരിപ്പിക്കണം. എന്നാൽഗ്രാമപഞ്ചായത്തിൽ നാളിതുവരെ സോഷ്യൽ ഓഡിറ്റ് സമിതി രൂപീകരിച്ചിട്ടില്ല.

4) സ.ഉ(കൈ)നം.146/2022/തസ്വഭവ തീ. 08.07.2022 പ്രകാരം പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി അധിക വിഭവ സമാഹരണം നടത്താവുന്നതാണ്. ഇതിനായി പ്രദേശത്ത് പ്രവർത്തിക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകളുടെയും മറ്റ് ബാങ്കുകളുടെയും പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനകൾ, പ്രവാസി സംഘടനകൾ, സന്നദ്ധ സംഘടനകൾ, സന്മനസ്സുള്ള വ്യക്തികൾ തുടങ്ങിയവരുടെ യോഗങ്ങൾ തദ്ദേശ സ്ഥാപന തല കോർഡിനേഷൻ സമിതിയുടെ ഭാഗമായി ആവശ്യാനുസരണം വിളിച്ചു ചേർക്കേണ്ടതാണ്. കൂടാതെ അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന സംഭാവനകൾ നിക്ഷേപിക്കുന്നതിനും വിനിയോഗിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോഡൽ ഓഫീസറുടെ ഒരു പ്രത്യേക അക്കൌണ്ട് തുറക്കാവുന്നതാണ് എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം തുക സ്വീകരിക്കുന്നതിനായി കാര്യക്ഷമമായി നടപടികൾ ആരംഭിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയുടെ(35/27.06.2024) മറുപടിയിൽ അംഗീകൃത പ്രോജക്ടിൽ നിന്നും എല്ലാ മാസവും കിറ്റ് കൊടുക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത് എങ്കിലും പ്രോജക്ടിൽ വച്ചിരുന്ന വികസനഫണ്ടിന്റെയും ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിന്റെയും അപര്യാപ്തത മൂലമാണ് എല്ലാ മാസവും കിറ്റ് കൊടുക്കാൻ സാധിക്കാതിരുന്നതെന്നും ഓണ ആഘോഷത്തിൻറെ ഭാഗമായി 13 കിറ്റുകൾക്ക് സ്പോൺസർഷിപ്പ് വന്നപ്പോൾ ബാക്കി വരുന്ന 40 പേരിൽ 5 പേരെ ഒഴിവാക്കാൻ സാധിക്കാത്തതിനാലാണ് സമൂഹത്തിൻറെ ഏറ്റവും താഴെത്തട്ടിൽ ഉൾപ്പെട്ട അതിദരിദ്രരായ ബാക്കിയുള്ള 40 പേർക്കും കിറ്റ് നൽകിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ മൈക്രോപ്ലാൻ പ്രകാരമുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്തിക്കേണ്ടതാണ്.

1-29 മിക്സഡ് വേസ്റ്റ് സംസ്കരണം - പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ട് നം	SO203/24
പ്രോജക്ടിന്റെ പേര്	മിക്സഡ് വേസ്റ്റ് സംസ്കരണം - തുക ഒടുക്കൽ
നിർവഹണം	വി.ഇ.ഒ സർക്കിൾ 1
അടങ്കൽ	93878 (50578 ധനകാര്യകമ്മിഷൻ ഗ്രാന്റ് + 50000 തനത് ഫണ്ട്)
ചെലവ്	93878(50578+43300)

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എം.സി.എഫിൽ നിന്നും അജൈവ മാലിന്യങ്ങൾ കൈമാറുന്ന എജൻസിക്ക് തരം തിരിക്കാത്ത അജൈവ മാലിന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള തുക നല്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. മാലിന്യം നീക്കം ചെയ്യുന്നതിനായി 2022-23 വർഷത്തിൽ ടെൻഡർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രീൻ ടെക് ഇക്കോ കൺസൾട്ടൻസി എന്ന സ്ഥാപനത്തെ തിരഞ്ഞെടുക്കുകയും 11.10.2022 മുതൽ 10.10.2023 വരെ സ്ഥാപനത്തിന് മാലിന്യം നീക്കം ചെയ്യുന്നതിന് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ടെൻഡർ പ്രകാരവും കരാർ പ്രകാരവും റിജക്ടഡ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഗ്രീൻ ടെക് ഇക്കോ കൺസൾട്ടൻസി കാട്ട് ചെയ്ത തുകയായ കിലോഗ്രാമിന് 5 രൂപ നിരക്കിൽ പ്രസ്തുത കാലയളവിൽ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ കരാർ കാലവധിക്ക് ശേഷം ടെൻഡർ നടപ്പാക്കാതെ റിജക്ടഡ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള തുക കിലോഗ്രാമിന് 7 രൂപയായി ഉയർത്തി കരാർ നീട്ടി നൽകിയിട്ടുണ്ട്(12.02.2024 ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19(1) -o നമ്പർ തീരുമാനപ്രകാരം കരാർ അവസാനിച്ച കാലയളവ് മുതൽ മുൻകാല പ്രാബല്യത്തിൽ)

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(28/26.06.2024) ലഭിച്ച മറുപടി പ്രകാരം ഗ്രീൻടെക് എക്കോ കൺസൾട്ടൻസി എന്ന സ്ഥാപനവുമായി കരാർ 10/10/2023 ന് അവസാനിച്ച സാഹചര്യത്തിൽ കരാർ പുതുക്കേണ്ട സമയത്ത് പ്രൈവറ്റ് ഏജൻസികൾ എല്ലാം തന്നെ ലെഗസിമാലിന്യം കിലോയ്ക്ക് 7 രൂപയായും ക്ലീൻകേരള കമ്പനിനിരക്ക് 10 രൂപയായും നിരക്ക് ഉയർത്തിയിരുന്നതായും കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് മാലിന്യം നീക്കം ചെയ്യുന്നതിന് ഈടാക്കുന്ന പുതുക്കിയ തുകയുടെ വിവരങ്ങൾ ചോദിച്ചു കൊണ്ട് സെക്രട്ടറി മറ്റു ഏജൻസികൾക്ക് കത്ത് അയച്ചിരുന്നുവെങ്കിലും ഗ്രീൻടെക് കമ്പനിയും CKC എന്ന സ്ഥാപനവും മാത്രമാണ് മറുപടി നൽകിയത്. ടി വിവരങ്ങൾ പരിശോധിച്ചപ്പോൾ നിലവിൽ കരാർ വയ്ച്ചിരിക്കുന്ന ഏജൻസിയുടെ പുതുക്കിയ നിരക്ക് കുറവ് ആയിരുന്നതിനാലും ഏജൻസിയുടെ സമയബന്ധിതമായ സേവനവും മുൻനിർത്തിയുമാണ് നിലവിലെ കരാർ തദ്ദേശസ്വയംഭരണ മേധാവി പുതുക്കിനൽകിയത് എന്നാണ് അറിയിച്ചത്. ലെഗസിവേസ്റ്റിന് നൽകുന്ന തുകയ്ക്ക് പുറമെ തരംതിരിച്ച മാലിന്യത്തിന് തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് ലഭിയ്ക്കുന്ന തുകയും ഏജൻസിയുടെ സമയബന്ധിതമായ സേവനവും കൂടെ

പരിഗണിച്ച് പഞ്ചായത്തിന് ഗ്രീൻടെക് എക്കോകൺസൾട്ടൻസി എന്ന സ്ഥാപനവുമായി കരാർ വയ്ക്കുന്നതാണ് ലാഭകരം എന്ന് പഞ്ചായത്ത് ഭരണസമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഏജൻസിയുമായി കരാർ ചമച്ചത് എന്നും അറിയിച്ചിട്ടുണ്ട്. റീ ടെൻഡർ നടപ്പാക്കാതെ ടെൻഡർ നിരക്കിൽ മാറ്റം വരുത്തി തുക അനുവദിച്ചത് തദ്ദേശസ്ഥാപനത്തിന്റെ ഭാഗത്തെ വീഴ്ചയാണ്. തദ്ദേശസ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് സ്ഥാപനങ്ങൾക്ക് കരാർ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ലെഗസി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി ശേഖരിക്കുന്ന മുഴുവൻ മാലിന്യങ്ങളും തരംതിരിച്ച് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 ലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ

ക്രമ നം.	1	2
പ്രോജക്ട് നം.	SO156/24	SO090/24
പ്രോജക്ടിന്റെ പേര്	ലൈഫ് ഭവനപദ്ധതി- ഭവന നിർമ്മാണം എസ്.സി	ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം അഡീഷണൽ എസ്.സി
നിർവഹണം	വി.ഇ.ഒ സർക്കിൾ 1	വി.ഇ.ഒ സർക്കിൾ 1
അടങ്കൽ	10640000 (2700000 എസ്.എസ്.എസ് + 1000000 ബ്ലോ.പ + 1000000 ജി.പ + 5940000 ലോൺ)	1200000 (240000 വി.ഫ + 300000 + 660000 ലോൺ)
ചെലവ്	1450000 (1290000 എസ്.എസ്.എസ് + 160000 ലോൺ)	290000 (123800 വി.ഫ + 192000 എസ്.എസ്.എസ്)

മേൽ ലൈഫ് ഭവനപദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ പ്രകാരം കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമ്മിറ്റ്/ NOC ലഭ്യമാക്കിയ ശേഷമാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കേണ്ടത്. എന്നാൽ ക്രമ നമ്പർ (2) പ്രകാരമുള്ള പദ്ധതി ഗുണഭോക്താക്കളായ ശ്രീമതി സുബി. എസ്, തെങ്ങുവിള വീട്, ശ്രീമതി രഞ്ജു ബി. ആർ, ഇലവനം പൊയ്ക എന്നിവർ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമ്മിറ്റ്/ NOC ലഭ്യമാക്കിയിട്ടില്ല.

2) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം ഗുണഭോക്താവ് ഗ്രാമപഞ്ചാത്തുമായി കരാർ ചമയ്ക്കേണ്ടത്. ക്രമ നമ്പർ (2) പ്രകാരമുള്ള പദ്ധതി ഗുണഭോക്താക്കളായ ശ്രീമതി സുബി. എസ്, തെങ്ങുവിള വീട്, ശ്രീമതി രഞ്ജു ബി. ആർ, ഇലവനം പൊയ്ക എന്നിവർ സമർപ്പിച്ച കരാറുകളിൽ കക്ഷികളോ സാക്ഷികളോ ഒപ്പുവെച്ചിട്ടില്ല. ക്രമ നമ്പർ (1) പ്രകാരമുള്ള പ്രോജക്ടിലെ അപേക്ഷകളോടൊപ്പം സമർപ്പിച്ച കരാറുകളിൽ രണ്ടാം കക്ഷിയും സാക്ഷികളും ഒപ്പുവെച്ചിട്ടില്ല

3) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരം ആദ്യഗഡു കൈപ്പറ്റി ആറ് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കണം. എന്നാൽലൈഫ് (എസ്.സി.പി) പദ്ധതിയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റി ആറ് മാസം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചതിന്റ വിവരം ഫയലിൽ ലഭ്യമല്ല.

പേര്	വിലാസം	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	തുക
സുബി. എസ്	തെങ്ങുവിള വീട്, ചെറുന്നിയൂർ	21.08.2023	40000
രഞ്ജു ബി. ആർ	ഇലവനം പൊയ്ക, ചെറുന്നിയൂർ	21.08.2023	40000
നിഷ വിജയൻ	മനീഷ് ഭവൻ വെട്ടിമൺകോണം	21.08.20223	40000
ശോഭന	കാവുവിള വീട്, മണമ്പൂർ	21.08.20223	40000

ലൈഫ് ഭവന പദ്ധതി പൊതു അപാകങ്ങൾ

ഭവന നിർമ്മാണത്തിനായി 2023-24 വർഷം സ്പിൽ ഓവർ ഉൾപ്പെടെ ആകെ 6 ലൈഫ് പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ പൊതു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ പ്രകാരം ഭവന നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പായി പ്രസ്തുത ഉത്തരവിലെ അനുബന്ധം 3 ലെ വ്യവസ്ഥകൾ പ്രകാരം ഗുണഭോക്താവ്, ഗ്രാമപഞ്ചാത്തുമായി കരാർ ചമയ്ക്കണ്ടതാണ്. എന്നാൽ ഗുണഭോക്താക്കൾ അപേക്ഷകളോടൊപ്പം സമർപ്പിച്ച കരാറുകളിൽ രണ്ടാം കക്ഷിയും സാക്ഷികളും ഒപ്പുവെച്ചിട്ടില്ല

2) സ.ഉ.(സാധാ) നം.3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം 40000(10%), 160000(40%), 100000(25%),100000(25%) എന്നിങ്ങനെയാണ് അനുവദിച്ചു നൽകേണ്ടത്. എന്നാൽ മേൽ വ്യവസ്ഥ പാലിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

3) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 പ്രകാരമുള്ള മാർഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവ് സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥൻ ഭവന നിർമ്മാണം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം തുക അനുവദിക്കേണ്ടതുമാണ്. മേൽ പ്രോജക്കുകളിൽ വിവിധ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ലൈഫ് ഭവന പദ്ധതി രജിസ്റ്ററിലും നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ ഹരി ആർ എന്ന വ്യക്തിക്ക് 2023-24 വർഷം വർക്കല ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തുമായി നാളിതുവരെ കരാർ ചമച്ചിട്ടില്ല,

മേൽ വിഷയം സംബന്ധിച്ച് നൽകിയ 21/25.06.2024 ന് ലഭിച്ച മറുപടിയിൽ ഫയൽപരിപാലനത്തിലെ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യപരമായ കാരണങ്ങളാലാണ് വിവിധ ഗുണഭോക്താക്കൾ പദ്ധതി തുക കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. വർക്കല ബ്ലോക്ക് പഞ്ചായത്തിൽ

നിന്നും ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങി നൽകിയ ഗുണഭോക്താവിനോട് കരാർ ചമയ്ക്കുന്നതിന് നിർദ്ദേശിച്ചതായും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-31 ലൈഫ് ഭവന പദ്ധതിക്കായി ഭൂമി വാങ്ങൽ - 2019-20ൽ ഗ്രാമപഞ്ചായത്ത് വാങ്ങിയ ഭൂമി തുടർനടപടികൾ സ്വീകരിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

ഒറ്റൂർ ഗ്രാമ പഞ്ചായത്തിലെ 7 -ാം വാർഡിലെ പന്തുവിള എന്ന സ്ഥലത്ത് ഒറ്റൂർ വില്ലേജിൽ 512 ാം നമ്പർ റീസർവ്വെയിൽ ഉൾപ്പെട്ട 24 ആർ 80 ച.മീ. വസ്തു (61.26 സെന്റ്), 2019-20 വാർഷിക പദ്ധതി പ്രകാരമുള്ള വികസന ഫണ്ട് വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് ഭൂമി വാങ്ങുകയും പ്രസ്തുത ഭൂമിയിൽ 2020-21 സാമ്പത്തിക വർഷം ലൈഫ് പദ്ധതി പ്രകാരമുള്ള പാർപ്പിട സമുച്ചയ നിർമ്മാണത്തിന് വേണ്ടി ഫ്ളാറ്റ് നിർമ്മാണത്തിനുള്ള പദ്ധതികൾ തയ്യാറാക്കി ജില്ലാ പ്ലാനിംഗ് സമിതി അംഗീകാരം വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ സാധന സാമഗ്രികളുടെ വില വർദ്ധനവ് നിമിത്തം കൂടുതൽ തുക വകയിരുത്തി പദ്ധതി പരിഷ്കരിച്ച് അംഗീകാരം വാങ്ങിയാൽ മാത്രമെ ഫ്ളാറ്റ് നിർമ്മാണ നിർവ്വഹണ കരാറിലേർപ്പെടാൻ കഴിയുകയുള്ളുവെന്ന് നിർവ്വഹണ ഏജൻസിയായ COSTFORD, ഗ്രാമപഞ്ചായത്തിനെ അറിയിച്ചിതിന്റെ അടിസ്ഥാനത്തിലും ഗ്രാമ പഞ്ചായത്ത് പദ്ധതി വിഹിതത്തിന് പുറമെയുള്ള മറ്റ് തദ്ദേശ ഭരണ സ്ഥാപന വിഹിതങ്ങൾ കൂടി ഗ്രാമ പഞ്ചായത്തിന് ലഭ്യമാകാത്ത കാരണത്താലും 2020-21 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടില്ല. തുടർന്ന് 2021-22 സാമ്പത്തിക വർഷവും പ്രസ്തുത ഭൂമിയിൽ പാർപ്പിട സമുച്ചയ നിർമ്മാണം നടത്തുന്നതിന് വേണ്ടി പദ്ധതികൾ തയ്യാറാക്കി ജില്ലാ അംഗീകാരം വാങ്ങിയിരുന്നെങ്കിലും നിർവ്വഹണ ഏജൻസിയായ COSTFORD പദ്ധതി ഏറ്റെടുക്കുന്നതിന് വിമുഖത കാണിച്ചിട്ടുള്ളതിനാലും മറ്റ് തദ്ദേശ ഭരണ സ്ഥാപന വിഹിതങ്ങൾ ലഭ്യമാകില്ലെന്ന കാരണത്താലും ലൈഫ് പാർപ്പിട സമുച്ചയം നിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഉപേക്ഷിച്ചു. തുടർന്ന് ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭൂരഹിത/ഭവന രഹിത ഗുണഭോക്താക്കൾക്ക് പ്രസ്തുത ഭൂമിയിലെ 3 സെന്റ് വീതം നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പാകെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ കോർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ലെ 4.29, 4.30 നമ്പർ തീരുമാന പ്രകാരം ആയതിന് അനുമതി നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത ഭൂമി നാളിതുവരെ ഗുണഭോക്താക്കൾ നൽകിയിട്ടില്ല. 28.06.2024 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലത്തെ പ്ലോട്ടുകളായി തിരിച്ച് സർവ്വേ കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട് (3 സെന്റ് വീതമുള്ള 17 പ്ലോട്ടുകളായും ബാക്കിയുള്ള സ്ഥലം വഴി നിർമ്മിക്കുന്നതിനും ഉപയോഗിച്ചു എന്ന് ഓഡിറ്റ് എൻകൗയറിയുടെ (നം. 37/27.06.2023) മറുപടിയിൽ അറിയിച്ചു)



പ്ലോട്ടിന്റെ ചിത്രം

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിയുടെ മറുപടിയിൽ (37/27.06.2023) ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിൽ 29 പേർക്കും എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ട ഒരാൾക്കും ഒഴികെ ഭൂരഹിത ഭവന രഹിതർക്ക് എല്ലാം തന്നെ ഭൂമി ലഭിച്ചതായി മനസിലാക്കാൻ കഴിഞ്ഞുവെന്നും പട്ടികജാതി വിഭാഗത്തിന്റെ ഫണ്ട് കൂടി ഉപയോഗിച്ച് കൊണ്ട് വാങ്ങിയ സ്ഥലം ആയതിനാൽ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് മാത്രമായി പ്രസ്തുത ആനുകൂല്യം നല്കാൻ കഴിയാത്ത സാഹചര്യമാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് 20-20യിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിന് സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇരു വിഭാഗക്കാർക്കും ആനുകൂല്യം നല്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും തുടർ നിർദ്ദേശം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ വിഷയത്തിൽ സർക്കാരിൽ നിന്നും തുടർ നിർദ്ദേശം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-32 ഇടവിളകൃഷി പ്രോത്സാഹനം - ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽനേരിട്ട് അടവാക്കിയതിനാൽ സുലേഖയിൽ ചെലവ് വന്നിട്ടില്ല

പ്രോജക്ട് നം.	SO222/24
പ്രോജക്ടിന്റെ പേര്	ഇടവിള കൃഷി പ്രോത്സാഹനം
അടങ്കൽ	304750 (വികസന ഫണ്ട് - പൊതു വിഹിതം - സാധാരണ വിഹിതം) - മറ്റുള്ളവ
ചെലവ്	281000
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ
ബിൽ നമ്പർ	564/24.3.24 - 90045 565/24.3.24 – 90000 566/24.3.24 – 50955 567/24.3.24 - 50000

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 281 കർഷകർക്ക് 750/- രൂപാ വിലയുള്ള ഇടവിള കിറ്റും 334 രൂപയ്ക്ക് ജൈവവളവും വിതരണം ചെയ്യുന്നു. ഇടവിള കിറ്റ് 100% സബ്സിഡിയിലും ജൈവവളം 75% സബ്സിഡിയിലും വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് (Vfpck/Kaiko/Raidco/Scb എന്നിവിടങ്ങളിൽ നിന്നും). കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നം. X-2477/23-24/14.2.24, X-2454/23-24/13.2.24, X-2614/23-24/28.2.24, X-2611/2324/27.2.24 പ്രകാരം ലഭ്യമായ ജൈവവളങ്ങൾ 75% സബ്സിഡിയിൽ 281 കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ ഉൾപ്പെട്ട 25% ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്ത് മുഖേന പിരിച്ചെടുത്ത് കേരള അഗ്രോ

ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ഒടുക്കിയതിന്റെ ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക്(45/29.06.2024) മറുപടിയായി ഗുണഭോക്തൃ വിഹിതമായ 23750/- രൂപ കൺവീനർ സ്വരൂപിച്ച് കെയ്ക്കായ്ക്ക് നേരിട്ട് ഒടുക്കിയതിനാലാണ് ചെലവ് ഉൾപ്പെടാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ ഇനങ്ങൾ വാങ്ങിയ മുഴുവൻ തുകയുടെ ഇൻവോയ്സും ഗ്രാമപഞ്ചായത്തിന്റെ പേരിലാണ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്ത് മുഖേന ഒടുക്ക് വരുത്തുന്നതിനായി രൂപീകരിച്ച പദ്ധതി തുകകൾ ഗ്രാമപഞ്ചായത്ത് മുഖനേ മാത്രം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 അടുക്കള മുറ്റത്തെ കോഴി വളർത്തൽ - ഗുണഭോക്താക്കളുടെ അർഹത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം.	SO094/24	SO101/24
പ്രോജക്ടിന്റെ പേര്	അടുക്കള മുറ്റത്തെ കോഴി വളർത്തൽ – ജനറൽ വനിത	അടുക്കള മുറ്റത്തെ കോഴി വളർത്തൽ – എസ്.സി.പി വനിത
നിർവഹണം	വെറ്റിനറി സർജൻ	വെറ്റിനറി സർജൻ
അടങ്കൽ	239400 (വികസന ഫണ്ട്)	87600 (വികസന ഫണ്ട് എസ്.സി.പി)
ചെലവ്	239400	87600

A) അടുക്കള മുറ്റത്തെ കോഴി വളർത്തൽ എസ്.സി.പി വിഭാഗത്തിൽപ്പെട്ട വിവിധ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

ഉദാഹരണം -

ക്രമ നം.	വാർഡ് നം.	പേര്, വീട്ട് പേര്
1	13	മിനി എൽ, മംഗലത്തുവിള വീട്
2	7	രജനി, രജനി നിവാസ്
3	1	ശാരദ, ബി. എസ് ലാന്റ്
4	9	കുഞ്ഞി. കുന്നിൽ വീട്
5	4	സരസ്വതി അമ്മ, പുത്തൻവീട്

B) സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28.05.2022 പ്രകാരമുള്ള ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന രേഖകളോ റേഷൻകാർഡിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ സൂക്ഷിക്കുന്നില്ല. ഉദാഹരണമായി താഴെപ്പറയുന്ന സർക്കാർ ജീവനക്കാർ അംഗങ്ങളായുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ട വ്യക്തികൾക്ക് ആനുകൂല്യം നൽകിയപ്പോൾ വരുമാന രേഖകൾ വാങ്ങി സൂക്ഷിക്കുന്നില്ല.

ഉദാഹരണം-

ക്രമ നം.	വാർഡ് നം.	പേര്, വീട്ട് പേര്
1	1	ശാരദ, ബി. എസ് ലാന്റ്
2	3	അനിത പ്ലാവിള വീട്
3	13	ശ്രീജ. ഡി, കല്ലൻ വിളാകത്ത് വീട്
4	4	ഗിരിജ, കുന്നിച്ചൻ വിളാകം

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയുടെ (46/29.06.2024) മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നും വരുമാനം സാക്ഷ്യപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-34 അങ്കണവാടി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല

സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുതല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ലായെങ്കിലും അങ്കണവാടി പ്രവർത്തനങ്ങളും വകുപ്പിൽ നിന്നും കമ്മ്യൂണിറ്റി ബെയ്സ്ഡ് ഇവന്റ്സിൽ ലഭ്യമാകേണ്ട സഹകരണത്തെക്കുറിച്ചും പ്രവർത്തനാവലോകനത്തെപ്പറ്റിയും നിർവ്വഹണോദ്യോഗസ്ഥരുടെ മീറ്റിംഗിൽ ചർച്ച നടത്താറുണ്ടെന്നും പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കമ്മിറ്റി പുനസംഘടിപ്പിച്ച് കൊണ്ടും നിർവ്വഹിക്കാം എന്നും ഓഡിറ്റ് എൻകയറി നം. 34/27.6.24 -ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-35 വനിതകൾക്കായുള്ള പദ്ധതികൾ - ലക്ഷ്യം കൈവരിച്ചില്ല.

സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ താഴെപറയുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിച്ചതായി കാണുന്നില്ല.

1)

പ്രോജക്ട് നം.	SO116/24
പ്രോജക്ടിന്റെ പേര്	പെണ്ണിടം
അടങ്കൽ	150000 (വികസന ഫണ്ട് - പൊതു വിഹിതം - സാധാരണ വിഹിതം)
ചെലവ്	56793
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
ബിൽ നമ്പർ	224/9.11.23 - 3000 327/19.12.23 – 3000 477/24.3.24 – 3000 483/24.3.24 – 3000 484/24.3.24 - 29793

	489/24.3.24 - 15000

സ്ത്രീസൌഹൃദ ഗ്രാമം എന്ന ലക്ഷ്യം മുൻനിർത്തി സ്ത്രീകൾക്കായി ഒരു പൊതു ഇടം സജ്ജമാക്കുന്നതിലൂടെ സ്ത്രീകൾക്ക് സംരക്ഷണവും സുരക്ഷിതത്വം, തൊഴിൽ, ആരോഗ്യം ഉറപ്പാക്കൽ, ലിംഗസമത്വം, തുല്യനീതി നടപ്പിലാക്കൽ, കെയർ ടേക്കറിനെ വയ്ക്കുന്നതുൾപ്പെടെയുള്ളതാണ് പ്രോജക്ട് ലക്ഷ്യം. ഈ പദ്ധതി തിരുവനന്തപുരം ജില്ലയിൽ ആദ്യം നടപ്പിലാക്കുന്നത് ഒറ്റൂർ പഞ്ചായത്തിലാണെന്നും തൊഴിൽ പരിശീലനം, വായന, വിനോദം, താമസസൗകര്യം എന്നിവ ഒരുക്കിയിട്ടുള്ളതായും ഓഡിറ്റ് എൻകയറി നം.29-ന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

എന്നാൽ അടങ്കൽ തുകയുടെ 38% മാത്രം ചെലവിട്ട ടി പദ്ധതി തൻവർഷം ലക്ഷ്യം കൈവരിച്ചിട്ടില്ല.

2)

പ്രോജക്ട് നം.	SO117/24
പ്രോജക്ടിന്റെ പേര്	ശ്രദ്ധ – ഹോം നഴ്സിംഗ് പൂൾ
അടങ്കൽ	50000 (വികസന ഫണ്ട് - പൊതു വിഹിതം - സാധാരണ വിഹിതം)
ചെലവ്	900
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
ബിൽ നമ്പർ	478/24.3.2024 900/-

സ്ത്രീകളുടെ ഉന്നമനം, തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക, സംരക്ഷണം, തുല്യനീതി നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് 20 നും 60നും ഇടയിൽ പ്രായമുള്ള വീട്ടുജോലികൾ, വയോജന പരിപാലനം, പ്രസവശുശ്രൂഷ, കിടപ്പ് രോഗീ പരിചരണം, കൂട്ടിരിപ്പ് തുടങ്ങിയ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള സ്ത്രീകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.

എന്നാൽ അടങ്കൽ തുകയുടെ 1.8% മാത്രമാണ് തൻവർഷം ചെലവിട്ടത്. വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി ടി പദ്ധതികൾ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തി സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-36 അങ്കണവാടികളുടെ പ്രവർത്തനാവലോകനം

ഗ്രാമപഞ്ചായത്തിലെ അംഗനവാടികളെ സംബന്ധിച്ച അവസ്ഥാവിവരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	വിഷയം	എണ്ണം
1	ആകെ അങ്കണവാടികളുടെ എണ്ണം	17
2	സ്വന്തമായി കെട്ടിടം ഇല്ലാത്തവ	2
3	വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	2
4	സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ	1
5	ചുറ്റുമതിൽ ഇല്ലാത്തവ	-
6	ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ	17
7	റോഡിന് സമീപത്ത് അല്ലാത്തവ	2
8	കളിസ്ഥലം ഇല്ലാത്തവ	1
9	ശുചിയായ ചുറ്റുപാട് ഇല്ലാത്തവ	-
10	മൂന്നു മുറിയെങ്കിലും ഇല്ലാത്തവ	3
11	ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ	16
12	ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ	12
13	ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ	2
14	വൈദ്യുതി ഇല്ലാത്തവ	-
15	Baby Weighing Machine/Salter Scale/ Platform Weighing Scale	17 ലും ഉണ്ട്
16	സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ	-
17	ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ	13
18	പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ	-
19	ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ	ക്ലോക്ക്- 17 ബെൽ-17 ഫോൺ- 0 ഫാൻ – 0 അലമാര – 0 ഫയൽ റാക്ക് – 16 ഫോൺ, ഫാൻ, അലമാര - 17 പേർക്കും ഫയൽ റാക്ക് - 16 പേർക്ക്
20	പാചകവാതക സൗകര്യം ഇല്ലാത്തവ	0
21	ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ	0
22	ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor)	0
23	വാട്ടർ പ്യൂരിഫെയർ ഇല്ലാത്തവ	0
24	ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ	0
25	കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ	0
26	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ	0

27	നോട്ടീസ് ബോർഡ് ഇല്ലാത്തവ	0
28	പരാതിപ്പെട്ടി ഇല്ലാത്തവ	17

(അവലംബം – ഓഡിറ്റ് അന്വേഷണക്കുറിപ്പ് 34/27.06.2024 ന്റെ മറുപടി)
സർക്കാർ ഉത്തരവ് നം. 84/2022/തസ്വഭവ തീയതി 19.4.2022 ഖണ്ഡിക 8.8.2 പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ, മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-37 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന മുഖാന്തിരമുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1986 ലെ പരിസ്ഥിതി(സംരക്ഷണ) നിയമം രൂപീകരിച്ചത്. പ്രസ്തുത നിയമത്തിന് കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി ചട്ടങ്ങൾ പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ പ്രധാനപ്പെട്ടവയാണ് 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ, 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) ചട്ടങ്ങൾ, 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 ലെ ഇ-വേസ്റ്റ് (മാനേജ്മെന്റ്) ചട്ടങ്ങൾ തുടങ്ങിയവ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013 ൽഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മേൽ വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഹരിതകർമ്മസേന മുഖാന്തിരവും അല്ലാതെയും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഓഡിറ്റ് നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ (ഓഡിറ്റ് എൻകയറി നമ്പർ 04/21.06.2024 ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടി)അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മാലിന്യ ശേഖരണം - അടിസ്ഥാന വിവരങ്ങൾ

1	**പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം**	13
2	**ആകെ ജനസംഖ്യ**	16085
3	**വാസഗൃഹങ്ങളുടെ എണ്ണം**	4485
4	**സ്ഥാപനങ്ങൾ(വിശദാംശം ചുവടെ)**	547

ഓഫീസുകൾ	ഓഡിറ്റോറിയം	ഷോപ്പ്	ലോഡ്ജ്/ ഹോസ്റ്റൽ	വഴിയിടക്കച്ചവടം	സലൂൺ/സ്പാ	വിദ്യാഭ്യാസ സ്ഥാപനം	ഹെൽത്ത് കെയർ സ്ഥാപനം	ആരാധനാലയം	ഹോട്ടൽ & ഫുഡ് കോർട്ടസ്	പൗൾട്രി, സ്ലോട്ടർ ഹൗസ്, ഫിഷ് സ്റ്റാൾ	എം.സി.എഫ് & മിനി എം.സി.എഫ്
33	2	391	1	3	12	31	20	20	7	4	23

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 13 വാർഡുകളിലായി രണ്ട് ഹരിതകർമ്മസേന അംഗങ്ങൾ വീതം ആകെ 26 അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത്{(സ.ഉ(സാധാ)നം.2470/2017/തസ്വഭവ തീ.15.07.2017 പ്രകാരം രൂപീകൃതമായി). കൂടാതെ ഹരിത കർമ്മസേന വാഹനം മുഖേനയുള്ള മാലിന്യ നീക്കം നടത്തുന്നതിനായി ഹരിതകർമ്മസേന അംഗമായ ഡ്രൈവറെയും നിയമിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 100 % വാതിൽപ്പടി ശേഖരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ {20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം} ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി സേവനം 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട് . ഹരിത കർമ്മ സേനയുടെ സേവനം , ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്(സ.ഉ.(സാധാ) നം.1496/2020/ത.സ.ഭ.വ തീ.12.08.2020, സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയും ഗ്രാമപഞ്ചായത്തും തമ്മിൽ നാളിതുവരെ കരാർ ചമച്ചിട്ടില്ല. കരാർ ചമയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഹരിത കർമ്മ സേനയുമായുള്ള കരാർ ചമയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ

ഉല്പാദകരുടെ ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽ തന്നെ ജൈവ/അജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ വിവിധ നടപടികൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കി വരുന്നുണ്ട്. എന്നാൽ പൊതു സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഇവ തരംതിരിക്കുന്നതിനായി ബിന്നുകളോ മറ്റ് സംവിധാനങ്ങളോ സ്ഥാപിക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023}ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പദ്ധതി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് നടപ്പാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഉറവിടത്തിൽ തന്നെ, തരം തിരിച്ച ജൈവ/അജൈവ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിൽ 12 വാർഡുകളിലുമായി 22 മിനി എം.സി.എഫുകളാണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ മിനി എം.സി.എഫ് സ്ഥാപിക്കാത്ത 11-ാം വാർഡിൽ ഉൾപ്പെടെ വിവിധ വാർഡുകളിലായി 5 മിനി എം.സി.എഫുകൾ കൂടി സ്ഥാപിക്കുന്നതിനായി 2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പദ്ധതി രൂപീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എം.സി.എഫ് സ്ഥിതിചെയ്യുന്നത് 11-ാം വാർഡിലാണ്. ബ്ലോക്ക് തലത്തിൽ നിലവിൽ ആർ.ആർ.എഫ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. എം.സി.എഫിൽ നിലവിൽ സോർട്ടിംഗ് ഏരിയ, സ്റ്റോറെജ് ഏരിയ എന്നിവ വേർതിരിച്ചിട്ടുണ്ടെങ്കിലും ടിപ്പിംഗ് ഏരിയ, മെഷീണറി ഏരിയ എന്നിവ വേർതിരിച്ചിട്ടില്ല . കൂടാതെ ബെയലിംഗ് മെഷീൻ, സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് എന്നിവയും എം.സി.എഫിൽ സ്ഥാപിച്ചിട്ടില്ല. വരും വർഷം കെട്ടിടത്തിൽ സൗകര്യം ഒരുക്കി ബെയ്ലിംഗ് മെഷീൻ വാങ്ങുന്നതിനായി

നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ, ഉറപ്പാക്കുന്നതിനാവശ്യമായ {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.



ചിത്രം എം.സി.എഫ്



ചിത്രം മിനി എം.സി.എഫ്

മാലിന്യ ശേഖരണം, മാലിന്യങ്ങൾ നീക്കം ചെയ്യൽ

ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഗ്രീൻ ടെക്ക് എക്കോ കൺസൾട്ടൻസി എന്ന സ്ഥാപനവുമായാണ് ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടുള്ളത്. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	47000 Kg
കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്വസ്തുക്കളുടെ അളവ്	27000 Kg
തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ്	20000 Kg
മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	137302
ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക	101713

കരാർ ഏറ്റെടുത്ത ഗ്രീൻ ടെക്ക് എക്കോ കൺസൾട്ടൻസി, ഷെഡ്യൂൾ പ്രകാരമുള്ള കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പാക്കിയിട്ടില്ല. 2024-25 സാമ്പത്തികവർഷം തുംബൂർമൂഴിക്കായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023, G.O. (Rt) No. 922/2023/LSGD, തീ. 26.04.2023, സ.ഉ. (സാധാ) നം. 1068/2023/LSGD തീ. 20.05.2023.} നടപടികൾ സ്വീകരിച്ചിട്ടില്ല . കൂടാതെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം സംവിധാനം ഒരുക്കിയിട്ടില്ല (16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD). ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസി(ഇമേജ്) മുഖാന്തിരമാണ് നിലവിൽ ശേഖരിച്ച് വരുന്നത്. നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനുള്ള ഇൻസിനിറേറ്റർ പി.എച്ച്.സിയിൽ മാത്രമാണ് നിലിവിൽ സ്ഥാപിച്ചിട്ടുള്ളത്. പുതിയ സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഓഫിസിൽ ഇൻസിനിറേറ്റർ സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു(26.04.2023 ലെ G.O. (Rt) No. 922/2023/LSGD). 2023-24 വർഷം മുതൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. ബഹു ഹൈക്കോടതി പുറപ്പെടുവിച്ച{WP(C)No.7844/2023(S)} നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി കർമ്മപദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ

ഹരിത കർമ്മസേനയുടെ പ്രതിമാസ യൂസർ ഫീ കളക്ഷൻ ഹരിതമിത്രം ആപ്പ് മുഖേന നടപ്പാക്കുന്നുണ്ട്. നിലവിൽ ഹരിത മിത്രം ആപ്പ് മുഖേന ഗ്രാമപഞ്ചായത്തിലെ 100 % വീടുകളുടെയും/സ്ഥാപനങ്ങളുടെയും ഡേറ്റാ എൻട്രി പൂർത്തീകരിച്ച് കളക്ഷൻ ആരംഭിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. പൂട്ടിയിട്ട വീടുകളുടെ/സ്ഥാപനങ്ങളിൽ നിന്നും ഒഴികെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസ കളക്ഷൻ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നം.2481/2023/LSGD തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂസർ ഫീ ഇളവ് നൽകാത്തതിനാൽ പ്രസ്തുത ഫീസിന് ആനുപാതികമായ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേനയ്ക്ക് നൽകി വരുന്നില്ല. പൊതു

പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും യൂസർ ഫീ ഈടാക്കി സേവനം നൽകുന്നതിനും 2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല(07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD). നിലവിൽ ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനയുടെ യുസർഫീ കളക്ഷൻ ശരാശരി 93 ശതമാനമാണ്. ഹരിതകർമസേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക	2578600 രൂപ
ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക	12700 രൂപ
മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	137302

മാലിന്യമുക്ത കേരളം ക്യാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ (07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD)ഭാഗമായി ശരാശരി 10,000 രൂപ മാസവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് നൽകി വരുന്നുണ്ട്. . ബൾബ് നിർമ്മാണം , ഇനാക്കുലം നിർമ്മാണം , ഇവൻറ് മാനേജ്മെൻറ് എന്നി പ്രവർത്തനങ്ങളും ഹരിത കർമ്മസേന മുഖാന്തിരം 2023-24 വർഷം നടപ്പക്കിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ.ഉ. (സാധാ) നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13, 14 എന്നിവ പ്രകാരമുള്ള അധിക സാധ്യതകൾ കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

മാലിന്യ ചട്ടങ്ങളുടെ ലംഘനം

2016 ലെ ഖരമാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, അസി.സെക്രട്ടറി,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സെക്ഷൻ ക്ലാർക്ക്, വിഇഒ മാർ, ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ എന്നിവരടങ്ങിയ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട് (04.08.2023 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23 -ാം നമ്പർ സർക്കുലർ പ്രകാരം). 2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ച വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും പിഴ ഇനത്തിൽ 12,700 രൂപ പിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ മാലിന്യച്ചട്ടങ്ങൾ ലംഘിച്ചവർക്കെതിരെ നോട്ടീസുകളും മുന്നറിയിപ്പ് കത്തുകളും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബൾക്ക് വേസ്റ്റ് ജനറേറ്റർ സ്ഥാപനങ്ങളിൽ നിശ്ചിത ഇടവേളകളിൽ വിജിലൻസ് സ്ക്വാഡ് പരിശോധന കർശനമായും നടപ്പാക്കേണ്ടതും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ ചട്ടലംഘനങ്ങൾ തടയേണ്ടതുമാണ്.

ബോധവത്കരണം, പ്രചാരണം

മാലിന്യനിർമാജനത്തിനായി ബോധവത്കരണം നടത്തുന്നതിനും ജനശ്രദ്ധ ആകർഷിക്കുന്നതിനുമായി ഫ്ലാഷ് മോബ്, കുട്ടികളുടെ ഹരിതസഭ എന്നിവ ഉൾപ്പെടെ വിവിധ പരിപാടികൾ ഗ്രമപഞ്ചായത്തിൽ 2023-24 വർഷം നടപ്പാക്കിയിട്ടുണ്ട്. യുവജന വിദ്യാർത്ഥി സംഘടനകൾ ,ക്ലബ്ബുകൾ, മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്{ സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023)}. കൂടാതെ സ.ഉ(സാധാ) നം. 1200/2023/LSGD തീ.09.06.2023 പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതും ആയതിന് പരാമവധി പ്രചാരണം നൽകേണ്ടതുമാണ്.

മോണിറ്ററിംഗ്

ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി 2023-24 വർഷം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 161303 രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} ഗ്രാമപഞ്ചായത്ത് മുഖേന ഇപ്രകാരം ക്യാമറകൾ സ്ഥാപിച്ച് മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല. ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിതമിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണ് {സ.ഉ.(സാധാ) നം.2231/2023/LSGD തീ.12.11.2023 പ്രകാരം.} എന്നാൽ 2023-24 വർഷം ഇപ്രകാരം മേൽ ഉത്തരവ് പ്രകാരമുള്ള മോണിറ്ററിംഗ് നടപടികൾ പൂർണമായും ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

അനുകരണീയമായ പ്രവർത്തനങ്ങൾ

I) ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയെ മൂന്ന് ഗ്രൂപ്പുകളിലായി തിരിച്ച് മൂന്ന് സംരംഭങ്ങൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. ബൾബ് നിർമ്മാണം, ഇനാക്കുലം നിർമ്മാണം, ഇവൻറ് മാനേജ്മെൻറ് എന്നിവയാണ് ഓരോ യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ. ബൾബ് നിർമ്മാണ യൂണിറ്റ് മുഖേന 9, 12 വാട്ട്സ് ബൾബുകൾ നിർമ്മിച്ച് നൽകുകയും ഒപ്പം കേടായ ബൾബുകൾ 30 രൂപ നിരക്കിൽ നന്നാക്കി നൽകുകയും ചെയ്യുന്നു. ഇപ്രകാരം മാലിന്യത്തിന്റെ അളവ് പുനരുപയോഗത്തിലൂടെ കുറയ്ക്കുകയും ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രസ്തുത യൂണിറ്റ് ലക്ഷ്യമിടുന്നത്. ഗ്രാമഞ്ചായത്തിൽ ബയോ ബിൻ വിതരണം ചെയ്തിട്ടുള്ളവർക്ക് ആവശ്യമായ ഇനോക്കുലം ഹരിത കർമ്മ സേന മുഖനേ നിർമ്മിച്ച് വിതരണം ചെയ്യുക എന്നതാണ് ഇനാക്കുലം നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തന ലക്ഷ്യം. വിവിധ പരിപാടികൾക്ക് പാത്രങ്ങളും മറ്റ് ഗൃഹോപകരണങ്ങളും നൽകി കാറ്ററിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിർവഹിക്കുകയും ഇപ്രകാരം പേപ്പർ ഗ്ലാസിന്റെയും മറ്റു പ്ലാസ്റ്റിക് പാത്രങ്ങളുടെയും ഉപയോഗം കുറയ്ക്കുക എന്നതാണ് ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പ് ലക്ഷ്യമിടുന്നത്.

Ii) ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ ഒറ്റൂർ യു.പി സ്കൂളിൽ മുപ്പതോളം വ്യത്യസ്തങ്ങളായ വൃക്ഷത്തൈകൾ നട്ടുകൊണ്ട് ഹരിത കർമ്മ സേനയുടെ പച്ചതുരുത്ത് 2023-24 വർഷത്തിൽ നിർമ്മിച്ചിട്ടുണ്ട്.

Iii) ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ സഹായത്തോടെ 2023-24 സാമ്പത്തിക വർഷത്തിൽ 4 സ്വാപ്പ് ഷോപ്പുകൾ നടത്തി. ഇതിനായി വീടുകളിൽ ഉപയോഗമില്ലാതെ സൂക്ഷിച്ചിരിക്കുന്നവയും മറ്റുള്ളവർക്ക് ഉപയോഗിക്കാൻ കഴിയുന്നതുമായ സാധനസാമഗ്രികൾ പാവപ്പെട്ട നിവാസികൾക്ക് സൗജന്യമായി നൽകാൻ ഹരിതകർമ്മസേന മുഖാന്തിരം കഴിഞ്ഞിട്ടുണ്ട്.
മാലിന്യ നിർമ്മാർജ്ജനം, സ്വയം തൊഴിൽ സംരഭങ്ങൾ നടപ്പാക്കൽ എന്നിവ ലക്ഷ്യമാക്കി ഹരിത കർമ്മസേന മുഖാന്തിരം നടപ്പാക്കിയ മേൽ പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

1-38 ഡിമാന്റ് നോട്ടീസ്/ ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല

എച്ച്.എം., ജി.എൽ.പി.എസ്. നടപ്പാക്കിയ സ്കൂൾ സ്ഥാപന ചെലവുകളുടെ ഒടുക്കൽ (127/24) എന്ന പദ്ധതി പ്രകാരം 150000/- രൂപ അടങ്കൽ തുക വകയിരുത്തുകയും 130757/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മുള്ളറം കോട് സ്കൂളിലെ KSEB, KWA,

BSNL മുതലായ സ്ഥാപനങ്ങളുടെ ബില്ലുകൾ ഒടുക്കുവരുത്തിയിരിക്കുന്നത് Amazon, Paytm, Paynearby മുതലായ ഓൺലൈൻ പേയ്മെന്റ് ആപ്ലിക്കേഷൻ വഴിയാണ്. അതാത് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ഇവയുടെ Demend Notice/Invoice പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓൺലൈൻ രസീപ്റ്റുകളുടെ പ്രിന്റ് ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത രസീപ്റ്റുകളിൽ ബില്ലിന്റെ കാലയളവ്, ഫൈൻ ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വിവരം തുടങ്ങിയവിവരങ്ങൾ ലഭ്യമല്ല. തന്മൂലം തുക ഒടുക്കുവരുത്തിയതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	ഓൺലൈൻ ആപ്ലിക്കേഷൻ	കൺസ്യൂമർ നമ്പർ	ബിൽ തുക	തീയതി
1	KSEB	Amazon	1145334011812	6487	17.10.23
2	KWA	Amazon	2173127077	639	04.09.23
3	KWA	Amazon	2173127077	639	05.11.23
4	BSNL	Paytm	4702691515 (ഫോൺ നം.)	701	26.10.23
5	KSEB	Paynearby	1145335013881	1685	30.10.23
6	KWA	Amazon	2173133725	633	30.10.23

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നം. 11/24.06.2024) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ Demend Notice/ Invoice വൗച്ചറുകളോടൊപ്പം സൂക്ഷിച്ചു വയ്ക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കേണ്ടതാണ്.

1-39 ജനതാ വായനശാല തുറന്നു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഒറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമായ സാംസ്കാരിക നിലയമായ ചേന്നൻകോട് ജംങ്ഷന് സമീപത്തുള്ള ജനത വായനശാല (കല്ലമ്പലം-വർക്കല റോഡ്) നിലവിൽ തുറന്നു പ്രവർത്തിക്കുന്നില്ല എന്ന് കാണുന്നു. ഓഡിറ്റ് ടീം, എഞ്ചിനിയറിംഗ് വിഭാഗം, ഹെഡ് ക്ലർക്ക് എന്നിവരുടെ 28.06.2024 ലെ സംയുക്ത സ്ഥല പരിശോധനയിൽ വായന ശാല തുറന്നു പ്രവർത്തിക്കാത്തതിനാലും തൃപ്തികരമായി പരിപാലിക്കാത്തിനാലും വായന ശാലയുടെ ഉൾവശം പൊടിപടലങ്ങൾ നിറഞ്ഞും പരിസരം കാടു പിടിച്ചും കിടക്കുന്നതായും കണ്ടു.



ജനതാ വായനശാല

2018-19 പ്രോജക്ട് നം 110/19 പ്രകാരം ജനതാ വായനശാല പുനരുദ്ധാരണത്തിനായി 100000 രൂപ വകയിരുത്തുകയും 99,997 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

എന്ന് മുതലാണ് വായനശാല തുറന്നു പ്രവർത്തിക്കാത്തത് എന്നും, തുറന്നു പ്രവർത്തിക്കാത്തതിന്റെ കാരണവും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 47/.06.2024) വായനശാല ഒരു കൊല്ലം മുമ്പ് വരെ പ്രവർത്തിച്ചിരുന്നുവെന്നും വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പി.എസ്.സി പഠിതാക്കളുടെ ഒരു സംഘം പഠിക്കാൻ ഉപയോഗിച്ചിരുന്നെന്നും ആ സംഘത്തിലെ എല്ലാ പേർക്കും ജോലി കിട്ടിയത് മൂലം ഭാഗികമായെങ്കിലും വായനശാല പ്രവർത്തിച്ചിരുന്നത് മുടക്കം വരുന്നതിന് കാരണമായി എന്നും മെമ്പറുടെ നേതൃത്വത്തിൽ പുതിയൊരു സംഘം രൂപീകരിച്ച് അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചു. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജനതാ വായന ശാല അടിയന്തരമായി തുറന്നു പ്രവർത്തിക്കാനും പൊതുപണം ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തി നശിച്ചു പോകാതെ തൃപ്തികരമായി പരിപാലിക്കാനും ഗ്രാമ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതുമാണ്.

1-40 ലേല നടപടികൾ അടിയന്തരമായി പൂർത്തികരിക്കേണ്ടതാണ്.

31.10.2023 ലെ 10(1) തീരുമാന പ്രകാരം, ഞെക്കാട് ഗവ LPS കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്ന മരത്തിന്റെ ലേലം നടത്തുന്നതിനു വേണ്ടി വിലനിർണ്ണയത്തിനായി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കത്ത് നല്കിയതിനെ തുടർന്ന് ലഭ്യമായ വിലനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ലേലനടപടികൾ സ്വീകരിക്കുന്നതിന് ജനറൽ കമ്മിറ്റി നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (9/21.06.24) ലഭ്യമാക്കിയ മറുപടിയിൽ കവട്ടേഷൻ നടപടികൾ പൂർത്തിയായെങ്കിലും ആരും തന്നെ ലേലം കൊള്ളാൻ തയ്യാറായില്ല എന്നും ഒരിക്കൽക്കൂടി കവട്ടേഷൻ നടപടികൾ പൂർത്തീകരിച്ചെങ്കിലും ആരും തന്നെ കവട്ടേഷൻ സമർപ്പിച്ചിട്ടില്ല എന്നും തുടർന്ന് 11.06.24 ലെ 20(1) തീരുമാനപ്രകാരം ഒരിക്കൽക്കൂടി കവട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 29.06.24 വരെ കവട്ടേഷൻ സ്വീകരിക്കുന്നതിനുള്ള നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. ലേല നടപടികൾ അടിയന്തരമായി പൂർത്തികരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-41 ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ

ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ മുൻ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം 12.02.2024 ൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. 2023-24 ൽ ദുരിതാശ്വാസ നിധി പ്രകാരം 52,221 രൂപ വരവും 17,004 ചെലവും 35,217 രൂപ നീക്കിയിരിപ്പും ഉണ്ട് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്കുള്ള (നം. 44/29.06.2024) മറുപടിയിൽ അറിയിച്ചു.

1-42 പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും പിഴ തുക ഈടാക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പാറവിള ചക്കാലക്കുന്ന് റോഡ് പാർശ്വഭിത്തി ബേം കോൺക്രീറ്റ് (26/24) എന്ന പ്രവൃത്തിയുടെ കരാർ തീയതി 14.08.23 നായിരുന്നു. Letter Of Acceptance പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയപരിധി 4 മാസമായിരുന്നു. ആയത് പ്രകാരം 13.12.23 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരനായ ശ്രീ. സുഗുണാനന്ദൻ 01.03.2024 ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് Extension അനുവദിച്ചതായോ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയതായോ കണ്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻകയറി (നം. 20/25.06.2024) നൽകിയതിനെ തുടർന്ന് പ്രവൃത്തി മുല്യത്തിന്റെ 1% ആയ 3354/- രൂപ 27.06.23 ലെ 1240100476/G010105 ാം നമ്പർ രസീത് പ്രകാരം തനത് ഫണ്ടിൽ ഒടുക്കുവരുത്തി.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	176661	410500	104 കേദാരം സമഗ്ര നെൽകൃഷി വികസനം	410500	0
		200000	40 പാലിയേറ്റീവ് കെയർ സ്നേഹതീരം	200000	0
		620000	152 ലൈഫ് ഭവന പദ്ധതി 20-20 പട്ടികജാതി	620000	0
		840000	154 ലൈഫ് ഭവന പദ്ധതി 20-20 പൊതുവിഭാഗം	840000	0
		177960	18 മാനസിക വെല്ലുവിളി സ്കോളർഷിപ്പ് സ്നേഹ സ്പർശം	177960	0
		100000	15 അങ്കണവാടി പോഷകാഹാരം	100000	0
		37800	25 ശാരീരിക വെല്ലുവിളി സ്കോളർഷിപ്പ്	37800	0
		300000	43 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി	300000	0
ആകെ	**176661**	**2686260**	**-**	**2686260**	**176661**
ജില്ലാ പഞ്ചായത്ത്	55365	70000	105 ഹരിത ഭവനം	70000	0
		410500	104 കേദാരം സമഗ്ര നെൽകൃഷി വികസനം	410500	0
		620000	152 ലൈഫ് ഭവന പദ്ധതി 20-20 പട്ടികജാതി	620000	0
		920000	154 ലൈഫ് ഭവന പദ്ധതി 20-20 പൊതുവിഭാഗം	920000	0
		174000	18 മാനസിക വെല്ലുവിളി സ്കോളർഷിപ്പ് സ്നേഹ സ്പർശം	174000	0
ആകെ	**55365**	**2194500**	**-**	**2194500**	**55365**

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2023-24

നിർവഹണ ഏജൻസി	മുൻ ബാക്കി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാക്കി തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	നീക്കിയിരിപ്പ് തുക
കെ.എസ്.ഇ.ബി	287785	-	-	-	-	-	287785
കേരള വാട്ടർ അതോറിറ്റി	1200000	213/24 എട്ടാം വാർഡിലെ സ്മാർട്ട് അങ്കണവാടിക്ക് വാട്ടർ കണക്ഷൻ	12000	-	12000	-	1390000
		21/24 ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യൽ	178000	-	178000	-	
അനർട്ട്	0	9/24 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ	726000	-	726000	-	726000

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/വായ്പാ തിരിച്ചടവ്

വായ്പ വിവരം	ഉത്തരവ്/നമ്പർ/തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം അടച്ച തുക	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
KURDFC	289/എൽ.എം.സി.എ1-കെ.യു.ആർ.ഡി.എഫ്.സി/2018 തീയതി 04.01.2019	12923182	2580000	1348945	14154237

4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ബാങ്കിന്റെ പേര്	തുക	ഡെപ്പോസിറ്റ് തീയതി	FD യുടെ കാലാവധി	പലിശ നിരക്ക്	മെച്ച്യൂരിറ്റി തുക
1410971 കേരള ഗ്രാമീൺ ബാങ്ക്	1062410	29.3.24	28.3.25	6.25	1130383

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2019-20	1-22	2020-21	1-2	പാലിയേറ്റിവ് കെയർ വാഹനത്തിന്റെ ഇന്ധന ബില്ലുകളുടെ ആധികാരികത സംബന്ധിച്ച്	തീർപ്പാക്കിയിട്ടില്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	തുക
1	2008-09	3(3)	സർക്കാരിതര സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങിയത്	9,258
2	2008-09	3(6)	റോഡ് ടാറിംഗ് അധിക തുക പിൻവലിച്ചത്	2,156
3	2008-09	3(7)	പഞ്ചായത്ത ഓഫീസ് മെയിന്റനൻസ് ടെണ്ടർ അപാകത	15,940
4	2008-09	3(8)	എർത്ത് ഫില്ലിംഗ് അധിക തുക	8,388

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

മുന്നിരിപ്പ്	2,92,92,560
ഓഡിറ്റ് വർഷത്തെ വരവ്	4,20,02,652
ആകെ	7,12,95,212
ഓഡിറ്റ് വർഷത്തെ ചെലവ്	4,02,75,167
നീക്കിയിരിപ്പ്	3,10,20,045
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	15,92,438

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	1,85,390	ശ്രീ. ഗോപകുമാർ എസ്, അസി. സെക്രട്ടറി
1-20	7,26,000	ശ്രീമതി ശ്രീലേഖ, സെക്രട്ടറി
1-22	12,000	ശ്രീമതി ശ്രീലേഖ, സെക്രട്ടറി
1-23	2,17,803	ഡോ. ഷീജ ബി. ജെ, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-24	4,51,245	ഡോ. പ്രവീൺകുമാർ എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ആകെ	**15,92,438**	

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ക്രമ നമ്പർ	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	ശ്രീ. ഗോപകുമാർ. എസ്, അസി. സെക്രട്ടറി	അസി. സെക്രട്ടറി, ഒറ്റൂർ ഗ്രാമപഞ്ചായത്ത്	ആരണ്യകം, വെയിലൂർ, കല്ലമ്പലം പി.ഒ. Gopangpt@Gmail.Com
2	ശ്രീമതി ശ്രീലേഖ, സെക്രട്ടറി	സെക്രട്ടറി, ഒറ്റൂർ ഗ്രാമപഞ്ചായത്ത്	ശ്രീനിലയം, പാളയംകുന്ന് പി.ഒ, വർക്കല. Lhsreelekha467@Gmail.Com
3	ഡോ. ഷീജ ബി. ജെ, മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഒറ്റൂർ ഗവ. ഹോമിയോ ഡസ്പെൻസറി	കല്ല്യാണി നിവാസ്, മൈത്രി നഗർ, ചെക്കാലമുക്ക്, ശ്രീകാര്യം. 9497783650 Bjsheeja@Gmail.Com
4	ഡോ. പ്രവീൺകുമാർ എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	മെഡിക്കൽ ഓഫീസർ, ഒറ്റൂർ പി.എച്ച്.സി.	പി. ജി. നിവാസ്, നാവായിക്കുളം പി.ഒ, തിരുവനന്തപുരം. 9495903325 Ottoorphc@Gmail.Com

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2007-08	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022	1 (3-6)
2008-09	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022	4 (3-3, 3-6, 3-7, 3-8)
2009-10 2010-11	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022	1 (3-19)
2012-13	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022	3 (3-6, 3-8, 3-9)
2013-14	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022	4 (3-1(ബി), 3-2(എ)), 3-2(ബി), 3-14
2014-15	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022	2 (3-1, 3-2)
2016-17	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022	1 (3-1)
2017-18	കെ.എസ്.എ.റ്റി.വി.എം/ജി.പി.7/306/2018, തീയതി 29.04.2019	28
2018-19	കെ.എസ്.എ.റ്റി.വി.എം/ജി.പി.7/344/2020 തീയതി 18.05.2020	42
2019-20	കെ.എസ്.എ.റ്റി.വി.എം/ജി.പി.7/693/2021 തീയതി 31.03.2021	40
2020-21	കെ.എസ്.എ.റ്റി.വി.എം/ജി.പി.7/896/2022 തീയതി 01.04.2024	12
2021-22	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/2054/2022തീയതി .02.2024	15
2022-23	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1376/2023 തീയതി 17.02.2024	20

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 28-05-2024 and submitted on 30-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Ottoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ottoor Grama Panchayat as on 31-03-2024

Date: 23/09/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Ottoor Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1) Notes on Accounts as per rule 62-2(e) of Kerala Panchayat Raj Accounts Rules, 2011 and annual ratios as per rule 62-2(f) have not been prepared and submitted with the annual financial statements.

2) As per rule 58 (4) (a) of the Kerala Panchayat Raj (Accounts) Rules require physical verification and reconciliation of stock at the end of every year. But the stock value is not included in the balance sheet B-14 Stock In Hand (Inventories)

3) The Net Cash Generated amount (6233378/-) and the Net Increase / (Decrease) In Cash And Cash Equivalents (1727485/-) amount in the Cash Flow Statement doesnâ□□t match with each other.

4) For the calculation of Gross surplus/(deficit) of income over expenditure after prior period items in the Abstract Report of Income & Expenditure Statement, the net difference of prior period income and expenditure amounts has been recorded as -7352 rupees instead of 38582 rupees.

5) Schedule B-1 determining Excess Of Income Over Expenditure under head 310900101 has not been made available along with the annual statements. Therefore, it has not been possible to verify the correctness of the amount.

6) As per Rule 17(2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income to be accrued by the Gram Panchayat is to be recorded by journal entry. But on perusal of the ledger of various receipts, the Grama panchayat has recorded demand entry only at the end of financial year 2023-24. Details given below

Head	Item	Date of demand entry
110100101	Property tax on residential building	31.03.2024
110100102	Property tax on non residential building	
110100103	Surcharge on Property Tax	
110200101	Profession tax institution	
110200105	Profession tax traders	

7) The amount remitted by the Assistant engineer as IT TDS is erroneously recorded under the Asset head name â□□Advance To Implementing Officerâ□□ in the balance sheet as shown below

Head code	item	amount
460500501	Advance To Implementing Officers	7947

8) As per the balance sheet for the pervious year 2022-23, Rs. 6463 shown under head code 350410101 - Advance Collection Of Revenues - Property Tax On Residential Buildings and Rs. 597 shown under head code 350410104 Advance Collection Of Revenues - Property Tax On Non-Residential Building have not been adjusted in the AFS for the year 2023-24.

9) Credit balances are recorded in different bank books for different periods of time. For example, as per the bank book of 450210101 Indian Overseas Bank (76901000009999) account from 21.03.2024 to 26.03.2024 the balance is negative (credit balance).

10)Depreciation has not been calculated as per Income & Expenditure for the year 2023-24 for various assets. Accumulated Depreciation up to the previous year is included in the balance sheet. Details below

code	Item	2022-23 & 2023-24 balance sheet
416100102	Accumulated Depreciation - Roads and Bridges	2408758
416100104	Accumulated Depreciation- Waterways	42877
416100105	Accumulated Depreciation -Public Lighting	96654
416100108	Accumulated Depreciation - Office and Other Equipment	194715
416100110	Accumulated Depreciation Other Fixed Assets	109177

11) No provision has been made in Schedule B9 of the balance sheet for various outstanding expenses (eg - honorarium of representatives, fuel expenses)

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്